# രോഗികളുടെ ശുദ്ധീകരണ നമസ്കാര വിധികളും ഫത്‌വകളും

ക്രോഡീകരണം:
ബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

MALAYALAM 0701065

സ്‌ലാമിക് ഗൈഡൻസ് സെന്റർ സുലൈ (റിയാദ്)
ബി. 1419, റിയാദ് 11431, ഫോ: 2414488, ഫാ: 2411733.
E.Mail :sulay@w.cn

**سئلت اللجنة الدائمة للبحوث العلمية والإفتاء بالمملكة العربية السعودية هذا السؤال وأجابت عليه بالفتوى رقم ( ٢٦٠٠٢ ).**

السؤال: هل طباعة الكتب الشرعية الصحيحة ينتفع بها الإنسان بعد موته، ويدخل في العلم الذي ينتفع به كما جاء في الحديث ؟

الجواب: طباعة الكتب المفيدة التي ينتفع بها الناس في أمور دينهم ودنياهم هي من الإعمال الصالحة التي يثاب الإنسان عليها في حياته، ويبقى أجرها ويجري نفعها له بعد مماته، ويدخل في عموم قول -ﷺ- فيما صح عنه من حديث أبي هريرة -رضي الله عنه- أن رسول الله -ﷺ- قال: ( إذا مات الإنسان انقطع عمله إلا من ثلاث، صدقة جارية، أو علم ينتفع به، أو ولد صالح يدعو له ) رواه الإمام مسلم في صحيحة والترمذي والنسائي والإمام أحمد.

وكل من ساهم في إخراج هذا العلم النافع يحصل على هذا الثواب العظيم، سواء كان مؤلفاً له، أو معلماً، أو ناشراً له بين الناس، أو مخرجاً، أو مساهماً في طباعته، كل بحسب جهده ومشاركته في ذلك.

سماحة الشيخ: عبد العزيز بن عبد الله بن باز – رحمه الله-

سماحة الشيخ: عبد العزيز بن عبد الله آل الشيخ – حفظه الله-

فضيلة الشيخ: بكر بن عبد الله أبو زيد – حفظة الله-

ساهم معنا في الدعوة إلى الله من خلال طباعة الكتب والمطويات الدعوية
حساب رقم ٧٠٥٠/٩ مصرف الراجحي - فرع رقم (٢٩٦)

وتذكر دائما ( لأن يهدي الله بك رجلا واحدا خير لك من حمر النعم )

المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

الرياض – السلي – شارع هارون الرشيد – مخرج (١٦) الدائري الشرقي – ص.ب ١٤١٩

الرمز البريدي ١١٤٣١ – هاتف: ٠١/٢٤١٠٦١٥ ناسوخ: ٠١/٢٤١٤٤٨٨ تحويلة ٢٣٢

البريد الإلكتروني: sulay@w.cn

# രോഗികളുടെ
# ശുദ്ധീകരണ നമസ്കാര
# വിധികളും ഫത്‌വകളും

ക്രോഡീകരണം:
അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി

© المكتب التعاوني للدعوة والإرشاد بالسلي، ١٤٢٧هـ

فهرسة مكتبة الملك فهد الوطنية أثناء النشر

المكتب التعاوني للدعوة والإرشاد بالسلي

أحكام وفتاوى تتعلق بالمرضى في الطهارة والصلاة / المكتب التعاوني للدعوة والإرشاد بالسلي. – الرياض، ١٤٢٧هـ

٥٦ ص ١ ..سم

ردمك: ٩٩٦٠-٩٨٠٨-٧ -١

( النص باللغة المليبارية )

١- الطهارة ( فقه إسلامي ). / ٢- الصلاة    أ- العنوان

ديوي ٢٥٢    ١٤٢٧/٦٩٤٣

رقم الإيداع: ١٤٢٧/٦٩٤٣

ردمك: ٩٩٦٠-٩٨٠٨-٧ -١

بسم الله الرحمن الرحيم

## രോഗി
## നമസ്കാരവും ശുചീകരണവും

സർവ്വ സ്തുതിയും ലോകരക്ഷിതാവായ അല്ലാഹുവിന്. പ്രവാചക ശ്രേഷ്ഠൻ മുഹമ്മദ് നബി (സ)യിലും, കുടുംബത്തിലും, അനുചരന്മാരിലും നന്മയും സമാധാനവും വർഷിക്കുമാറാകട്ടെ. രോഗിയുടെ നമസ്കാരം, ശുചീകരണം എന്നിവയുമായി ബന്ധപ്പെട്ട ഏതാനും വിധികളാണ് ഈ ലഘു കൃതിയിലെ ഉള്ളടക്കം. കൂടാതെ ആശുപത്രി ജീവനക്കാരും ചികിൽസാ രംഗത്ത് പ്രവർത്തിക്കുന്നവരും അറിഞ്ഞിരിക്കേണ്ടതായ ഒരു പാട് വിഷയങ്ങളിലെ സംശയങ്ങൾക്ക് സൗദി അറേബ്യയുടെ ഗ്രാൻറ് മുഫ്തിയായിരുന്ന ബഹു: ശൈഖ് ഇബ്നു ബാസ്(റ) നൽകിയ മറുപടിയും ഇതോടൊന്നിച്ച് ചേർക്കപ്പെട്ടിട്ടുണ്ട്.

നമസ്കാരത്തിന് ശുദ്ധിയുണ്ടായിരിക്കുക എന്നത് മതനിയമമാണ്. അംഗശുദ്ധി വരുത്തലും, മാലിന്യങ്ങൾ നീക്കം ചെയ്യലും നമസ്കാരം സാധുവാകാനുള്ള നിബന്ധനകളാണ്. ശരീരവും, വസ്ത്രവും, നമസ്കാരസ്ഥലവുമെല്ലാം വൃത്തിയുള്ളതായിരിക്കണം.

നമസ്കാരത്തിന് തയ്യാറെടുക്കുന്നവൻ ചെറിയ അശുദ്ധി നീക്കാൻ അംഗശുദ്ധി വരുത്തുകയും, വലിയ അശുദ്ധിയുണ്ടെങ്കിൽ കുളിക്കുകയും വേണം. മലമൂത്ര വിസർജ്ജനം നടത്തിയാൽ അംഗശുദ്ധി വരുത്തുന്നതിന് മുമ്പ് വെള്ളമോ കല്ലോ ഉപയോഗിച്ച് ശൗച്യം ചെയ്യണം. ശുദ്ധി പൂർണ്ണമായി കൈവരിക്കാൻ വേണ്ടിയത്രെ ഇത്.

## ചില പ്രത്യേക നിയമങ്ങൾ

മലമൂത്ര വിസർജ്ജനം കഴിഞ്ഞാൽ വെള്ളം കൊണ്ട് ശൗചം ചെയ്യേണ്ടതാണ്. ഉറങ്ങിയവനും കീഴ്വായു പുറത്ത് പോയവനും ശൗചം ചെയ്യേണ്ടതില്ല. ഇവർ അംഗശുദ്ധി വരുത്തിയാൽ മതി. മാലിന്യങ്ങൾ നീക്കുകയാണല്ലോ ശൗചം കൊണ്ടുള്ള ലക്ഷ്യം.

വെള്ളം ഉപയോഗിച്ച് ശൗചം ചെയ്യുന്നതിന് പകരം കല്ലോ അതുപോലുള്ള മററു വസ്തുക്കളോ ഉപയോഗിക്കാം. എന്നാൽ ശുദ്ധിയുള്ള മൂന്ന് കല്ലിൽ കുറയരുത്.

നബി(സ) പറയുന്നത് നോക്കൂ:

من استجمر فليوتر (البخاري)

“കല്ല് ഉപയോഗിച്ച് ശൗചം ചെയ്യുന്നവൻ ഒററയാക്കട്ടെ” (ബുഖാരി). മറെറാരു നബിവചനം ഇങ്ങിനെയാണ്.

إذا ذهب أحدكم إلى الغائط فليذهب معه بثلاثة أحجار، فإنه تجزئ عنه (أبو داود)

“നിങ്ങളിലാരെങ്കിലും വിസർജ്ജന സ്ഥലത്തേക്ക് പോകുമ്പോൾ മൂന്ന് കല്ലുകൾ കൊണ്ട്പോകട്ടെ, ശുചീകരണത്തിന് അത് മതി.” (അബൂദാവൂദ്) മൂന്നിൽ കുറഞ്ഞ കല്ലുകൾ ശൗചം ചെയ്യാൻ ഉപയോഗിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള ഹദീസ് ഇമാം മുസ്ലിം നിവേദനം ചെയ്തിട്ടുണ്ട്.

ചാണകം, എല്ലുകൾ, ഭക്ഷ്യവസ്തുക്കൾ, പവിത്രത കൽപ്പിക്കേണ്ട വസ്തുക്കൾ ഇവകൊണ്ടൊന്നും ശൗചം ചെയ്യാൻ പാടില്ല. കല്ല്, ടിഷ്യു മുതലായ വസ്തുക്കൾ ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം വെള്ളം കൊണ്ട് ശൗചം ചെയ്യുന്നതത്രെ ഉത്തമം.

മാലിന്യം നീക്കുകയും പിന്നീട് വെള്ളം കൊണ്ട് ശുദ്ധി വരുത്തുകയും ചെയ്യുമ്പോൾ ശുചിത്വം പൂർണ്ണമായി. എന്നാൽ ഒരാൾക്ക് കല്ല് പോലുള്ള വസ്തുക്കളോ വെള്ളമോ ശുചീകരണത്തിന് ഉപയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.

അനസ്(റ)വിൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസ് കാണുക:

كـان النبي صلى الله عليه وسلم يدخل الخلاء فأحمل أنا وغلام نحوي إداوة من ماء وعنزة فيستنجي بالماء (متفق عليه)

"നബി(സ) വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഞാനും എന്നെപ്പോലുള്ള മറ്റൊരു കുട്ടിയുംകൂടി ഒരു വെള്ളപ്പാത്രവും ഒരു വടിയും വഹിച്ച് കൂടെപോകും അനന്തരം അദ്ദേഹം ആ വെള്ളംകൊണ്ട് ശൗച്യം ചെയ്യും." (മുത്തഫഖുൻ അലൈഹി)

عـن عائشـة رضـي الله عـنها أنهـا قالت لجماعة من النساء مرن أزواجكـنّ أن يستطيبوا بالماء، فإني أستحييهم، وإن رسول الله صلى الله عليه وسلم كان يفعله (الترمذي) .

"ആയിഷ(റ) ഒരിക്കൽ ഒരു സംഘം സ്ത്രീകളോടായി ഇപ്രകാരം പറഞ്ഞു 'നിങ്ങൾ നിങ്ങളുടെ ഭർത്താക്കന്മാരോട് വെള്ളം കൊണ്ട് ശൗച്യംചെയ്യാൻ നിർദ്ദേശിക്കുക. എനിക്ക് അവരോട് നേരിട്ട് ഇത് പറയാൻ ലജ്ജ തോന്നുന്നു. നിശ്ചയം നബി (സ) അപ്രകാരം ചെയ്യാറുണ്ടായിരുന്നു" (ഹദീസ് തുർമുദി).

വെള്ളമോ കല്ലോ ഇവയിലേതെങ്കിലും ഒന്ന് മാത്രം തിരഞ്ഞെടുക്കുമ്പോൾ വെള്ളമാണ് ഉത്തമം. മാലിന്യം നീക്കി വൃത്തിയാക്കാൻ കൂടുതൽനല്ലത് വെള്ളം തന്നെയാണല്ലോ.

കല്ലുകൊണ്ട് മാത്രമാവുമ്പോൾ മൂന്ന് കല്ല് മതി. അതു കൊണ്ട് വൃത്തിയാവുന്നില്ലെങ്കിൽ നാലോ അഞ്ചോ ആയി വർദ്ധിപ്പിക്കാവുന്നതാണ്. എപ്പോഴും ഒററയിൽ അവസാനിപ്പിക്കുന്നതാണ് ഉത്തമം.

കല്ല് ഉപയോഗിച്ച് ശൗച്യം ചെയ്യുമ്പോൾ ഒററയാക്കണം എന്ന നബിവചനം പ്രത്യേകം ഓർക്കുക.

വലതു കൈകൊണ്ട് ശൗച്യം ചെയ്യരുത്. സൽമാൻ(റ) ൽ നിന്ന് നിവേദനം ചെയ്യപ്പെട്ട ഹദീസിൽ ഇപ്രകാരം കാണാം.

نهانا رسول الله صلى الله عليه وسلم أن يستنجي أحدنا بيمينه (مسلم)

''നബി(സ) ഞങ്ങളെ വലതു കൈകൊണ്ട് ശൗച്യം ചെയ്യുന്നത് വിലക്കിയിരുന്നു'' (മുസ്ലിം)
മറെറാരു നബിവചനം കാണുക:

لا يمسكنّ أحدكم ذكره بيمينه وهو يبول، ولا يتمسح من الخلاء بيمينه (مسلم)

''നിങ്ങളിൽ ആരും തന്നെ മൂത്രിക്കുമ്പോൾ വലതു കൈകൊണ്ട് ലിംഗം സ്പർശിക്കുകയോ, (മലവിസർജ്ജന ശേഷം) കാഷ്ടം തുടച്ചു വൃത്തിയാക്കുകയോ ചെയ്യരുത്.''
(മുസ്ലിം)

ഒരാൾ ഇടത് കൈ മുറിക്കപ്പെട്ടവനോ, ആ കൈക്ക് വെട്ടോ, മുറിവോ ഉള്ളവനോ ആണെങ്കിൽ വലതു കൈകൊണ്ട് ശൗച്യം ചെയ്യുന്നതിൽ വിരോധമില്ല.
എളുപ്പം ലാളിത്യം എന്നിവ ഇസ്ലാമിക ശരീഅത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളാണ്. അതിനാൽ പ്രതിബന്ധങ്ങൾ ഉള്ളവർക്ക് ആരാധനാകർമ്മങ്ങൾ നിഷ്പ്രയാസം നിർവ്വഹിക്കുവാൻ അല്ലാഹു ഇളവുകൾ നൽകിയിരിക്കുന്നു.
അല്ലാഹു പറയുന്നു:

وما جعل عليكم في الدين من حرج (سورة الحج ٧٨)
"മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല" (സൂറ: ഹജ്ജ് 78)

يريد الله بكم اليسر ولا يريد بكم العسر (سورة البقرة ١٨٥)
"നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല" ( അൽബഖറ: 185)

മറ്റൊരു വചനം നോക്കൂ :

فاتقوا الله ما استطعتم (سورة التغابن ١٦)
"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

ഈ വിഷയത്തിൽ വന്ന ഒരു നബി വചനവും കൂടി ശ്രദ്ധിക്കുക:

إذا أمرتكم بأمر فأتوا منه مااستطعتم (البخاري)

"ഞാൻ നിങ്ങളോട് ഒരു കാര്യം കൽപ്പിച്ചാൽ അതിൽ നിന്ന് സാധ്യമായത് നിങ്ങൾ ചെയ്യണം" (ബുഖാരി)

അദ്ദേഹം പറഞ്ഞു: إنّ الدين يسر (മതം എളുപ്പമാണ്).

രോഗശമനം വൈകുമെന്നോ രോഗം കൂടുമെന്നോ ഭയപ്പെടുമ്പോൾ വെള്ളം കൊണ്ട് അംഗശുദ്ധി വരുത്തുകയോ കുളിക്കുകയോ ചെയ്യുന്നതിന് പകരം രോഗി തയമ്മും ചെയ്താൽ മതി. രണ്ട് കൈകളും ഒരു തവണ ശുദ്ധമായ മണ്ണിലടിച്ച് കൈകളുടെ ഉൾഭാഗം കൊണ്ട് മുഖവും കൈപ്പടത്തിന്റെ പുറഭാഗവും ഒരു തവണ തടവുകയാണ് തയമ്മും.
അല്ലാഹു പറയുന്നു:

وإن كنتم مرضى أو على سفر أو جاء أحد منكم من الغائط أو لامستم النساء فلم تجدوا ماءً فتيمموا صعيدا طيبا فامسحوا بوجوهكم وأيديكم منه (المائدة ٦)

"നിങ്ങൾ രോഗികളാവുകയോ, യാത്രയിലാവുകയോ, ചെയ്താൽ അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക; എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക"(സൂറ: മാഇദ: 6)

വെള്ളം ഉപയോഗിക്കാൻ കഴിയാത്തവന് വെള്ളം ലഭ്യമല്ലാത്തവൻെറ വിധിയാണ്. ഇക്കാര്യം താഴെ പറയുന്ന ഖുർആൻ വചനത്തിൽ നിന്നും മനസ്സിലാക്കാം:

فاتقوا الله ما استطعتم (سورة التغابن ١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

അപ്രകാരം തന്നെ നബി(സ), അമ്മാറുബ്നു യാസിർ(റ) നോട് പറഞ്ഞു: "താങ്കൾക്ക് തൻെറ കൈകൾകൊണ്ട് ഇപ്രകാരം ചെയ്താൽ മതിയായിരുന്നു; എന്ന് പറഞ്ഞ്, തൻെറ കൈകൾ കൊണ്ട് ഭൂമിയിൽ ഒരു അടി അടിക്കുകയും അവകൊണ്ട് തൻെറ മുഖവും കൈപ്പടങ്ങളും തടവുകയും ചെയ്തു"

തയമ്മും ചെയ്യുന്നത് ശുദ്ധമായ ഭൂപ്രതലത്തിലായിരിക്കലും, വുളുവിനോ/ കുളിക്കോ പകരമായി തയമ്മും ചെയ്യുകയാണ് എന്ന ഉദ്ദേശ്യത്തോട് (നിയ്യത്തോട്) കൂടിയും ആയിരിക്കൽ അതിൻെറ സ്വീകാര്യതക്ക് അനിവാര്യമാണ്.

കാരണം കർമ്മങ്ങൾ സ്വീകരിക്കപ്പെടുക നിയ്യത്തോട്കൂടി മാത്രമാണെന്ന നബിവചനം പ്രസിദ്ധമാണ്. "നിശ്ചയം കർമ്മങ്ങൾ നിയ്യത്ത് അനുസരിച്ച് മാത്രമാണ്. എല്ലാ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണ് ലഭിക്കുക." (ബുഖാരി)

## ശുദ്ധീകരണത്തിന് വിവിധ അവസ്ഥകളുണ്ട്

1. തലവേദന, പല്ലുവേദന പോലെയുള്ള രോഗം ഗൗരവം കുറഞ്ഞതും വെള്ളം ഉപയോഗിക്കുന്നത് കൊണ്ട് രോഗം മൂർഛിക്കുമെന്നോ, അപകടം സംഭവിക്കുമെന്നോ, ശമനം വൈകുമെന്നോ ഭയപ്പെടാതിരിക്കുകയും വെള്ളം ഉപയോഗിക്കുന്നതിൽ ബുദ്ധിമുട്ട് ഇല്ലാതിരിക്കുകയും വെള്ളം ഉപയോഗിക്കുവാൻ സാധ്യമാവുകയും ചെയ്യുന്ന അവസ്ഥകളിൽ തയമ്മും ചെയ്യൽ അനുവദനീയമല്ല. കാരണം തയമ്മും അനുവദിക്കപ്പെടുന്നത് ബുദ്ധിമുട്ട് ഇല്ലാതാക്കുന്നതിനും പ്രയാസപ്പെടാതിരിക്കാനുമാണ്. അവനാകട്ടെ വെള്ളം ലഭ്യവുമാണ്. അത്കൊണ്ടവൻ വെള്ളം ഉപയോഗിക്കൽ നിർബന്ധമാണ്.

2. രോഗം മൂലം മരണം, അംഗവൈകല്യം, അവയവങ്ങളുടെ ശക്തിക്ഷയം, പുതിയ രോഗം ഉണ്ടാകൽ എന്നിങ്ങനെ ഭയപ്പെടേണ്ടുന്ന തരത്തിലുള്ള രോഗമാണ് എങ്കിൽ അവന് താഴെ പറയുന്ന ആയത്തിൻെറ അടിസ്ഥാനത്തിൽ തയമ്മും ചെയ്യൽ അനുവദനീയമാണ്.

وَلَا تَقْتُلُوا أَنفُسَكُمْ إِنَّ اللَّهَ كَانَ بِكُمْ رَحِيمًا (سورة النساء ٢٩ )

''നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു.'' (നിസാഅ്: 29)

3. വെള്ളം ഉപയോഗിക്കാൻ പററാത്ത വിധം ചലന ശേഷിയില്ലാത്ത രോഗിക്കും തയമ്മും ചെയ്യാവുന്നതാണ്. സ്വന്തമായി തയമ്മും ചെയ്യാനും കഴിയാത്ത വ്യക്തിക്ക് മററൊരാൾ തയമ്മും ചെയ്തു കൊടുക്കേണ്ടതുമാണ്. ഇനി ശരീരവും വസ്ത്രവും വിരിപ്പുമെല്ലാം വൃത്തിയാക്കാൻ കഴിയാത്ത വിധം മലിനമായതാണെങ്കിൽ അവൻ അതേ അവസ്ഥയിൽ തന്നെ നമസ്കാരം നിർവ്വഹിക്കുകയും ചെയ്യണം.

فاتقوا الله ما استطعتم (سورة التغابن ١٦)

''അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക'' (സൂറ: തഗാബുൻ 16)
ശുദ്ധീകരണത്തിനോ, മാലിന്യം നീക്കംചെയ്യുവാനോ കഴിഞ്ഞിട്ടില്ലെങ്കിലും യാതൊരവസ്ഥയിലും നമസ്കാര സമയം പിന്തിച്ചുകൂടാത്തതാണ്.

4. ശരീരത്തിൽ മുറിവോ, പൊട്ടലോ, വ്രണമോ ഉള്ള അവസ്ഥയിൽ ജനാബത്ത്കാരൻ (കുളി നിർബന്ധമാകുന്ന അശുദ്ധിയുള്ളവൻ) ആയാൽ അവനും മുകളിൽ പറഞ്ഞ തെളിവിൻെറ അടിസ്ഥാനത്തിൽ തയമ്മും അനുവദനീയമാണ്. അവന് ശരീര ഭാഗങ്ങൾ കഴുകാൻ കഴിയുമെങ്കിൽ സാധ്യമാകുന്നത്ര കഴുകുകയും ബാക്കി ഭാഗത്തിന് തയമ്മും ചെയ്യുകയും വേണ്ടതാണ്.

5. വെള്ളമോ, തയമ്മുമിന് മണ്ണോ ലഭ്യമല്ലാതിരിക്കുകയോ അവ എത്തിക്കുന്നതിന് ആരെയും കാണാതിരിക്കുകയോ

ചെയ്യുന്ന ഒരു രോഗി അംഗശുദ്ധി വരുത്തുകയോ തയമ്മും ചെയ്യുകയോ ചെയ്തിട്ടില്ലെങ്കിലും സമയമായാൽ നമസ്കാരം നിർവ്വഹിക്കൽ നിർബന്ധമാണ്.

فاتقوا الله ما استطعتم (سورة التغابن ١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

6. മൂത്രവാർച്ച, നിയന്ത്രിക്കാൻ കഴിയാത്ത നിലക്ക് രക്തസ്രാവം, കൂടെക്കൂടെ കീഴ്വായു പോകൽ തുടങ്ങിയ രോഗമുള്ളവർ ഓരോ നമസ്കാരത്തിനും സമയമായിക്കഴിഞ്ഞതിന്ശേഷം ശരീരവും വസ്ത്രവും കഴുകി ശുദ്ധി വരുത്തി നമസ്കരിക്കേണ്ടതാണ്. കഴിയുമെങ്കിൽ നമസ്കാരത്തിനായി അവൻ പ്രത്യേകം ഒരു വസ്ത്രം കരുതുന്നതും നല്ലതാണ്.

وما جعل عليكم في الدين من حرج (الحج ٧٨)

"മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല" (സൂറ: ഹജ്ജ് 78)

يريد الله بكم اليسر ولا يريد بكم العسر (سورة البقرة ١٨٥)

"നിങ്ങൾക്ക് ആശ്വാസം വരുത്തുവാനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല" (സൂറ അൽബഖറ: 185)

إذا أمرتكم بامر فأتوا منه ما استطعتم (البخاري)

"ഞാൻ നിങ്ങളോട് വല്ല കാര്യവും കൽപ്പിച്ചാൽ നിങ്ങളുടെ കഴിവ് അനുസരിച്ച് നിങ്ങളത് നിർവ്വഹിക്കുക"(ബുഖാരി).

എന്നീ തെളിവുകൾ അതാണ് മനസ്സിലാക്കിത്തരുന്നത്. എന്നാൽ മൂത്രവും രക്തവും ശരീരത്തിലും വസ്ത്രത്തിലും നമസ്കാരസ്ഥലത്തും വ്യാപിക്കാതിരിക്കാൻ അവർ ശ്രദ്ധിക്കേണ്ടതാണ്.

ഓരോ നമസ്കാര സമയത്തിലും (നിശ്ചയിക്കപ്പെട്ട സുന്നത്ത് നമസ്കാരങ്ങളിൽ നിന്നും) അവർക്ക് കഴിയാവുന്നത്ര നമസ്കാരങ്ങൾ നിർവ്വഹിക്കുകയും മുസ്ഹഫ് എടുത്ത് ഖുർആൻ പാരായണം നടത്തുകയും ചെയ്യാവുന്നതാണ്. എന്നാൽ ഒരു നമസ്കാരസമയം കഴിഞ്ഞാൽ അവർ വീണ്ടും വുളു പുതുക്കേണ്ടതാണ്. അതിന് കഴിയാത്ത സമയമാണെങ്കിൽ തയമ്മും ചെയ്യേണ്ടതാണ്. കാരണം പ്രവാചകൻ(സ) ആർത്തവരക്തമല്ലാത്ത, രോഗസംബന്ധമായ രക്തസ്രാവമുള്ള സ്ത്രീയോട് ഓരോ നമസ്കാരത്തിനും സമയമായാൽ വുളുവുണ്ടാക്കി നമസ്കരിക്കാനാണ് കൽപ്പിച്ചത്. ഒരു നമസ്കാരത്തിന് വുദു ഉണ്ടാക്കിയ ശേഷം മൂത്രം പുറത്ത് വന്നിട്ടില്ലെങ്കിൽ അവന് ആ വുളുകൊണ്ട് തന്നെ വീണ്ടും നമസ്കരിക്കുന്നതിൽ പ്രശ്നമില്ല.

ഇനി വുളുവിലും കുളിയിലും കഴുകേണ്ടതായ ഭാഗത്ത് ഏതെങ്കിലും നിലക്കുള്ള ബാൻേറജ് ഉണ്ടെങ്കിൽ അത് അഴിച്ചു മാററൽ ബുദ്ധിമുട്ടാകുമെങ്കിൽ അവർ അതിൻെറ മീതെ തടവുകയും ബാക്കി ഭാഗങ്ങൾ കഴുകുകയും ചെയ്യേണ്ടതാണ്. എന്നാൽ ബാൻേറജിന് മീതെ തടവലും അതിന് അടുത്ത ഭാഗങ്ങൾ കഴുകലും പ്രയാസമുണ്ടാക്കുമെങ്കിൽ അവർ തടവലിനും കഴുകലിനും പകരമായി തയമ്മും ചെയ്താൽ മതിയാകുന്നതാണ്.

വുളു മുറിയുന്ന കാര്യങ്ങൾ സംഭവിക്കുകയോ, വെള്ളം ഉപയോഗിക്കാൻ കഴിയുകയോ വെള്ളം ലഭ്യമാവുകയോ ചെയ്താൽ തയമ്മും ബാത്വിലാവുന്നതാണ്.

## രോഗിയുടെ നമസ്കാരം

നിന്ന് നമസ്കരിക്കാൻ കഴിയാത്തവൻ ഇരുന്നോ, അതിനും കഴിയാത്തവൻ ഖിബ്‌ലക്ക് മുഖം തിരിച്ച് ചെരിഞ്ഞ് കിടന്നോ നമസ്കരിക്കണം എന്ന കാര്യത്തിൽ പണ്ഢിതന്മാർ ഏകാഭിപ്രായക്കാരാണ്. ചെരിഞ്ഞു കിടന്ന് നമസ്കരിക്കുകയാണെങ്കിൽ വലത് ഭാഗത്തേക്ക് ചെരിഞ്ഞും അതിനും കഴിയാത്തപ്പോൾ മലർന്ന് കിടന്നുമാണ് നമസ്കരിക്കേണ്ടത്. ഇക്കാര്യം നബി(സ) ഇംറാനുബ്നു ഹുസൈൻ(റ) വിനോട് പറഞ്ഞ, താഴെ പറയുന്ന ഹദീസിലൂടെ മനസ്സിലാക്കാവുന്നതാണ്.

صلّ قائما فإن لم تستطع فقاعدا فإن لم تستطع فعلى جنب (البخاري)
وزاد النسائي فإن لم تستطع فمستلقيا .

''നീ നിന്ന് നമസ്കരിക്കുക, അതിന് കഴിയാതിരുന്നാൽ ഇരുന്ന് നമസ്കരിക്കുക, അതിനും കഴിയാതിരുന്നാൽ ഒരു ഭാഗത്തേക്ക് ചെരിഞ്ഞു കിടന്ന് നമസ്കരിക്കുക.'' (ബുഖാരി) നസാഇയുടെ റിപ്പോർട്ടിൽ അൽപം കൂടിയുണ്ട് ''അതിനും കഴിയാതിരുന്നാൽ മലർന്ന്കിടന്നും'' (നസാഇ)

ഒരാൾക്ക് നിൽക്കാൻ കഴിയും എന്നാൽ റുകൂഉം സുജൂദും ചെയ്യാൻ കഴിയില്ലെങ്കിൽ നിൽക്കുക എന്നത് അയാളിൽ നിന്ന് ഒഴിവാകുന്നില്ല. അവൻ നിന്ന് നമസ്കരിക്കുകയും റുകൂഇന് പകരം ആംഗ്യം കാണിക്കുകയും ശേഷം ഇരിക്കുക

യും സുജൂദിന് പകരം ആംഗ്യം കാണിക്കുകയുമാണ് ചെയ്യേണ്ടത്.
അല്ലാഹു പറയുന്നു:

وقوموا لله قانتين (البقرة ٢٣٨)

"അല്ലാഹുവിൻെറ മുന്നിൽ ഭക്തിയോടു കൂടി നിങ്ങൾ നിന്ന് നമസ്കരിക്കുക" (അൽ ബഖറ: 238)

فاتقوا الله ما استطعتم (سورة التغابن ١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

ഒരു കണ്ണുരോഗിയോട് വിദഗ്ധനായ ഒരു ഡോക്ടർ നിങ്ങൾ മലർന്ന് കിടന്ന് നമസ്കരിച്ചാൽ മാത്രമേ നിങ്ങളുടെ ചികിൽസ ഫലപ്രദമാവുകയുള്ളൂ; എന്ന് പറഞ്ഞാൽ അയാൾ മലർന്ന് കിടന്ന് നമസ്കരിക്കുകയാണ് വേണ്ടത്.

റുകൂഉം സുജൂദും നിർവ്വഹിക്കാൻ കഴിയാത്തവർ ആംഗ്യം കാണിക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ സുജൂദിൽ റുകൂഇനേക്കാൾ അൽപം കൂടുതലായി കുനിയേണ്ടതാണ്.

സുജൂദ് മാത്രം നിർവ്വഹിക്കാൻ കഴിയാതിരിക്കുമ്പോൾ റുകൂഅ് നിർവ്വഹിച്ച് സുജൂദിന് ആംഗ്യം കാണിക്കേണ്ടതാണ്.

മുതുക് വളക്കാൻ കഴിയാത്തവർ തൻെറ കഴുത്ത് അൽപം വളക്കുകയാണ് ചെയ്യേണ്ടത്. ഒരാളുടെ മുതുക് വളഞ്ഞ് റുകൂഅ് ചെയ്യുന്നവനെപ്പോലെയാണ് സ്ഥിരമായി ഉള്ളതെങ്കിൽ അയാൾ റുകൂഅ് ചെയ്യുമ്പോൾ അല്പം കൂടി തൻെറ തല

താഴ്ത്തുകയും. സുജൂദ് ചെയ്യുമ്പോൾ റുകൂഇനേക്കാൾ അൽപംകൂടി തല താഴ്ത്തുകയും ചെയ്യുകയാണ് വേണ്ടത്.

തലകുനിച്ച് പോലും നമസ്കാരം ആംഗ്യം കാണിക്കാൻ കഴിയാത്തവർ മനസ്സിൽ അത് രൂപപ്പെടുത്തണം; കാരണം ശരിയായ ബുദ്ധി നിലനിൽക്കുന്നിടത്തോളം നമസ്കാരം നിർവ്വഹിക്കണമെന്ന ബാധ്യതയിൽ നിന്നും അയാൾ ഒഴിവാകുന്നില്ല.

ഒരു രോഗിക്ക് നിർവ്വഹിക്കൽ അശക്തമായിരുന്ന നിറുത്തം, റുകൂഅ്, സുജൂദ്, ആംഗ്യം കാണിക്കൽ എന്നിവയിൽ ഏതെങ്കിലും കാര്യം നമസ്കാരത്തിനിടയിൽ നിർവ്വഹിക്കാൻ കഴിയുന്ന ഒരു അവസ്ഥയുണ്ടായാൽ അവൻ അതിലേക്ക് മടങ്ങി ബാക്കി പൂർത്തിയാക്കട്ടെ.

ഒരു രോഗിയോ രോഗമില്ലാത്ത വ്യക്തിയോ നമസ്കാരം നിർവ്വഹിക്കാതെ ഉറങ്ങിപ്പോവുകയോ, മറക്കുകയോ ചെയ്താൽ ഉണരുന്ന സമയത്തോ ഓർമ്മവരുമ്പോഴോ അവൻ അത് നിർവ്വഹിക്കണം. അടുത്ത നമസ്കാരത്തിൻെറ കൂടെ നിർവ്വഹിക്കാം എന്ന് കരുതി ഒരു കാരണവശാലും നമസ്കാരം അതിൻെറ സമയത്ത് നിർവ്വഹിക്കാതെ പിന്തിക്കാൻ പാടില്ല.

നബി(സ) പറയുന്നത് കാണുക:

من نام على صلاة أو نسيها فليصلها متى ذكرها، لا كفّارة لها إلا ذلك. وتلا قول الله وأقم الصلاة لذكري(طه ١٤)

''ആരെങ്കിലും നമസ്കാരത്തെത്തൊട്ട് ഉറങ്ങിപ്പോവുകയോ മറക്കുകയോ ചെയ്താൽ അവന് എപ്പോഴാണോ ഓർമ്മ വരുന്നത് അപ്പോൾ അത് നിർവ്വഹിക്കട്ടെ. അതിന് അത് നിർവ്വഹിക്കലല്ലാതെ മററ് പ്രായശ്ചിത്തമൊന്നും വേണ്ടതില്ല. ശേഷം നബി(സ) 'എന്നെ ഓർമ്മിക്കാനായി നിങ്ങൾ നമസ്കാ

രം കൃത്യമായി നിർവ്വഹിക്കുക' എന്ന സൂറത്ത് ത്വാഹയിലെ 140ം വചനം പാരായണം ചെയ്യുകയും ചെയ്തു''

യാതൊരു കാരണവശാലും ഒരാൾക്ക് നമസ്കാരം ഉപേക്ഷിക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. ഒരാൾ രോഗിയാകുമ്പോൾ, ആരോഗ്യാവസ്ഥയിൽ ഉള്ളതിനേക്കാൾ നമസ്കാരം ശ്രദ്ധയോടെ നിർവ്വഹിക്കാൻ പരിശ്രമിക്കുകയാണ് വേണ്ടത്. രോഗാവസ്ഥയിലും തൻെറ ബുദ്ധിക്ക് തകരാറില്ലാത്തപ്പോഴെല്ലാം അത് തനിക്ക് കഴിയുന്നവിധം നിർവ്വഹിക്കുകതന്നെ ചെയ്യണം. ഓർമ്മയോടുകൂടി ഒരാൾ അത് ഉപേക്ഷിച്ചാൽ അയാൾ കുററക്കാരനാണ്. തന്നെയുമല്ല അവൻ കാഫിറായിത്തീരുമെന്നാണ് പണ്ഢിതന്മാർ താഴെ പറയുന്ന നബി വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പറയുന്നത്.

الْعَهْدُ الَّذِي بَيْنَنَا وَبَيْنَهُمْ الصَّلَاةُ فَمَنْ تَرَكَهَا فَقَدْ كَفَرَ (مسلم)

''നമുക്കും അവർക്കും ഇടയിലുള്ള കരാർ നമസ്കാരമാണ് വല്ലവനും അത് ഉപേക്ഷിച്ചാൽ തീർച്ചയായും അവൻ കാഫിറായിക്കഴിഞ്ഞു.'' (മുസ്ലിം)

رَأْسُ الْأَمْرِ الْإِسْلَامُ وَعَمُودُهُ الصلاةُ وَذِرْوَةُ سِنَامِهِ الْجِهَادُ فِي سَبِيلِ اللهِ (مسلم)

''കാര്യങ്ങളുടെ ശീർഷം ഇസ്ലാമാണ് അതിൻെറ നെടുംതൂൺ നമസ്കാരമാണ്. അതിൻെറ പൂഞ്ഞയുടെ ഉന്നത ഭാഗം അല്ലാഹുവിൻെറ മാർഗ്ഗത്തിലെ ധർമ്മസമരവുമാണ്'' (മുസ്ലിം)

بينَ الرَّجُلِ وبَيْنَ الشِّرْكِ وَالْكُفْرِ تَرْكُ الصلاةِ (مسلم)

''ഒരാളുടെയും ശിർക്കിൻേറയും കുഫ്റിൻേറയും ഇടയിലുള്ള വിവേചനം നമസ്കാരം ഉപേക്ഷിക്കലാണ്''(മുസ്ലിം)

നമസ്കാര വിഷയത്തിലുള്ള ആയത്തുകളും ഹദീസുകളും മേൽ പറയപ്പെട്ട അഭിപ്രായം തന്നെയാണ് മനസ്സിലാക്കിത്തരുന്നത്.

ഇനി ഒരാൾക്ക് ഓരോ നമസ്കാരവും അതാതിൻെറ സമയത്ത് നിർവ്വഹിക്കാൻ അശക്തമായാൽ അയാൾക്ക് രണ്ട് നമസ്കാരങ്ങൾ ഏതെങ്കിലും ഒന്നിൻെറ സമയത്ത് മുന്തിച്ചോ പിന്തിച്ചോ ജംഅ്ചെയ്ത് (ഒരുമിച്ച്ചേർത്ത്) നിർവ്വഹിക്കാവുന്നതാണ്. അങ്ങിനെ നിർവ്വഹിക്കുമ്പോൾ ളുഹ്റും അസ്വ്റും തമ്മിലും, മഗ്രിബും ഇശാഉം തമ്മിലും മാത്രമേ ജംഅ് ആക്കുവാൻ അനുവാദമുള്ളൂ. 'സുബ്ഹി അതിൻെറ സമയത്ത് തന്നെ നിർവ്വഹിക്കുകയും ചെയ്യണം. കാരണം സുബ്ഹിയുടെ സമയം അതിൻെറ മുമ്പുള്ളതിൽ നിന്നും ശേഷമുള്ളതിൽ നിന്നും വേറിട്ട് നിൽക്കുന്നതാണ്.

അല്ലാഹു എല്ലാ രോഗികൾക്കും അവരുടെ രോഗങ്ങൾ ശിഫയാക്കിക്കൊടുക്കുകയും അവരുടെ പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്യുമാറാകട്ടെ. നമുക്കും അവർക്കും നാഥൻെറ അനുഗ്രഹവും സൗഖ്യവും അല്ലാഹു ഇഹത്തിലും പരത്തിലും നൽകി അനുഗ്രഹിക്കുമാറാകട്ടെ (ആമീൻ).

അല്ലാഹു നമ്മെയും നമ്മുടെ മക്കളേയും കൃത്യമായി നമസ്കരിക്കുന്നവരിൽ ഉൾപ്പെടുത്തുമാറാകട്ടെ. നാഥാ എല്ലാ രോഗികൾക്കും അവരുടെ രോഗങ്ങൾക്ക് പരിപൂർണ്ണ ശമനം നൽകി നിനക്ക് ഇബാദത്ത് ചെയ്ത് ജീവിക്കാൻ തൗഫീഖ് നൽകേണമേ. ഞങ്ങളെയെല്ലാം നിൻെറ സ്വർഗ്ഗത്തിൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യേണമേ (ആമീൻ)

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

## രോഗികൾക്കും ആശുപത്രി ജീവനക്കാർക്കുമായുള്ള ഫത്‌വകൾ

### ഭാഗം ഒന്ന്

ശൈഖ് ഇബ്നു ബാസ്(റ) അവർകൾ ഹിജ്റ വർഷം 1410 ൽ മക്കയിലെ അന്നൂർ ആശുപത്രിയിൽ ''മുസ്ലിം ഡോക്ടർമാരോട്'' എന്ന വിഷയത്തിൽ നടത്തിയ പ്രസംഗാവസാനം നടന്ന സംശയ നിവാരണത്തിലെ ചോദ്യോത്തരങ്ങളാണ് താഴെ ചേർക്കുന്നത്.

ചോദ്യം 1. ചില രോഗികൾക്ക് നടത്തേണ്ടതായി വരുന്ന ഓപ്പറേഷന് ശേഷം മണിക്കൂറുകൾ അബോധാവസ്ഥയിലും, ബോധം തെളിഞ്ഞതിന് ശേഷം മണിക്കൂറുകൾ വേദനയോടെയും കഴിച്ചുകൂട്ടേണ്ടതായി വരുന്നു. അത്തരം അവസരങ്ങളിൽ സമയം ആകുന്നതിന് മുമ്പ് അവർക്ക് ആ സമയങ്ങളിലെ നമസ്കാരം നിർവ്വഹിക്കാമോ, അതോ ശരിയായി ബോധം തെളിഞ്ഞ്, സമയം കഴിഞ്ഞതിന് ശേഷം, പിന്തിച്ച് ഒന്നോ അതിലധികമോ ദിവസങ്ങൾക്ക് ശേഷം അത് നിർവ്വഹിച്ചാൽ മതിയാകുമോ ?

മറുപടി : ഇത്തരം സന്ദർഭങ്ങളിൽ ഡോക്ടർമാർ ഒന്നാമതായി ചിന്തിക്കേണ്ടത് നമസ്കാരത്തിന്റെ സമയം ആയതിന് ശേഷം ചികിൽസ (ഓപ്പറേഷൻ) നടത്തുവാൻ കഴിയുമോ എന്നതാണ്. അങ്ങിനെയാണെങ്കിൽ, ഉദാഹരണമായി ളുഹറിന്റെ സമയം ആയിക്കഴിഞ്ഞാൽ രോഗിക്ക് ളുഹറും അസ്വറും ഒരുമിച്ച് നമസ്കരിക്കാവുന്നതാണ്; ശേഷം ഓപ്പറേഷന് വിധേയനാകാവുന്നതാണ്. അതുപോലെ രാത്രി അസ്തമയ ശേഷമാണെങ്കിൽ ഓപ്പറേഷന് മുമ്പായി മഗ്രിബും ഇശാഉം ഒന്നിച്ച് നമസ്കരിക്കാവുന്നതുമാണ്. ഇനി ഉച്ചക്ക്

മുമ്പുള്ള സമയമാണെങ്കിൽ രോഗി, കാരണം മൂലം ഒഴിവാക്കുകയാണ്. അവന് അതുമൂലം ഇളവ് ഉണ്ട്. അവൻ ഒന്നോ രണ്ടോ ദിവസങ്ങൾക്ക് ശേഷമായാലും എപ്പോഴാണോ ശരിയായ ബോധം തെളിയുന്നത് അപ്പോൾ അത് നിർവ്വഹിച്ചാൽ മതിയാകുന്നതാണ്. അവൻ ഉറങ്ങിപ്പോയവനെപ്പോലെയാണ് കണക്കാക്കേണ്ടത് അത്കൊണ്ട് അവന് കുററമില്ല. എന്നാൽ ബോധം തെളിഞ്ഞ ശേഷം അവൻ നമസ്കരിക്കുമ്പോൾ നമസ്കാരങ്ങൾ അതിൻെ ക്രമപ്രകാരം തന്നെ നമസ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആദ്യം ളുഹർ അതിന് ശേഷം മാത്രം അസ്വർ എന്നിങ്ങനെ ക്രമപ്രകാമം തന്നെയായിരിക്കേണ്ടതാണ്. താഴെ പറയുന്ന നബിവചനം അതാണ് മനസ്സിലാക്കിത്തരുന്നത്.

من نام على صلاة أو نسيها فليصلها متى ذكرها، لا كفارة لها إلا ذلك.
(متفق عليه)

''ആരെങ്കിലും നമസ്കാരത്തെത്തൊട്ട് ഉറങ്ങിപ്പോവുകയോ മറക്കുകയോ ചെയ്താൽ അവന് എപ്പോഴാണോ ഓർമ്മ വരുന്നത് അപ്പോൾ അത് നിർവ്വഹിക്കട്ടെ. അതിന് അത് നിർവ്വഹിക്കലെല്ലാതെ മററ് പ്രായശ്ചിത്തമൊന്നും വേണ്ടതില്ല. (മുത്തഫഖുൻ അലൈഹി)

രോഗം മൂലമോ ചികിൽസ മൂലമോ രണ്ടോ മൂന്നോ ദിവസത്തിൽ അധികരിക്കാത്ത വിധം അബോധാവസ്ഥയിൽ ആയിത്തീരുന്നവന് ഉറങ്ങിപ്പോയവൻെറ വിധി തന്നെയാണ്. അവൻ ബോധം തെളിഞ്ഞാൽ ഖളാഅ് വീട്ടേണ്ടതാണ്. എന്നാൽ മൂന്ന് ദിവസത്തിലധികം അബോധാവസ്ഥയിൽ കഴിഞ്ഞാൽ അവൻ ഖളാഅ് വീട്ടേണ്ടതില്ല അവ ന് ബോധം തിരിച്ചുകിട്ടുന്നത് വരെ ബുദ്ധിയില്ലാത്തവൻെറ വിധിയാണ്.അവൻ ബോധം തിരിച്ചുകിട്ടിയ ശേഷം അവിടം മുതലുള്ള നമസ്കാരം നിർവ്വഹിച്ചാൽ മതിയാകുന്നതാണ്.

നബി(സ) പറയുന്നത് കാണുക:

رُفِـــعَ القَلَمُ عَنْ ثَلاثَةٍ : عَنِ النَّائِمِ حَتَّى يَسْتَيْقِظَ وَعَنِ الصَّغِيرِ حَتَّى يَبْلُغَ وَعَنِ المَجْنُونِ حَتَّى يُفِيقَ (متفق عليه)

"മൂന്ന് വിഭാഗത്തിൽ നിന്ന് പേന ഉയർത്തപ്പെട്ടിരിക്കുന്നു: രോഗി ഉണരുന്നത് വരെ, കുട്ടി പ്രായപൂർത്തി എത്തുന്നത് വരെ, ബുദ്ധിഭ്രംശം സംഭവിച്ചവൻ സ്വബോധം ഉണ്ടാകുന്നത് വരെ" (മുത്തഫഖുൻ അലൈഹി) ഇവിടെ ഹദീസിൽ പറഞ്ഞ കുട്ടിയുടേയും ബുദ്ധിഭ്രംശം സംഭവിച്ചവൻേറയും കാര്യത്തിൽ ഖളാഅ് വീട്ടുവാൻ നിർദ്ദേശമുണ്ടായിട്ടില്ല. മറവി സംഭവിച്ചവൻേറയും ഉറങ്ങിപ്പോയവൻേറയും കാര്യത്തിൽ മാത്രമാണ് ഖളാഅ് വീട്ടുവാൻ നിർദ്ദേശമുള്ളത്.

**ചോദ്യം 2. ഞാൻ സ്വന്തമായി വുളു നിർവ്വഹിക്കാൻ (അംഗശുദ്ധി വരുത്താൻ) കഴിയാത്ത ഒരു രോഗിയാണ്; എന്നെ അക്കാര്യത്തിൽ സഹായിക്കാനും ആരുമില്ല. എനിക്ക് തയമ്മും ചെയ്തു നമസ്കരിക്കാമോ ? എന്നാൽ ആശുപത്രി നിലവും ചുമരും കാർപ്പററ് അടക്കം എല്ലാ സ്ഥലവും ദിവസവും തുടച്ചു വൃത്തിയാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ അവസ്ഥയിൽ ഞാൻ എങ്ങിനെയാണ് തയമ്മും ചെയ്യേണ്ടത് ?**

**മറുപടി: രോഗിക്ക് സ്വന്തമായി വുളുവുണ്ടാക്കാൻ കഴിയാതെ വരികയും മററാരും വുളുവുണ്ടാക്കുന്നതിന് സഹായിക്കാനില്ലാതെ വരികയും ചെയ്യുന്ന അവസരങ്ങളിൽ തയമ്മും നിർവ്വഹിക്കുക തന്നെയാണ് വേണ്ടത്. ഇക്കാര്യം താഴെ പറയുന്ന ഖുർആൻ വചനത്തിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.**

وَإِن كُنتُمْ جُنُبًا فَاطَّهَّرُواْ وَإِن كُنتُم مَّرْضَى أَوْ عَلَى سَفَرٍ أَوْ جَاء أَحَدٌ مَّنكُم مِّنَ الْغَائِطِ أَوْ لاَمَسْتُمُ النِّسَاء فَلَمْ تَجِدُواْ مَاء فَتَيَمَّمُواْ صَعِيدًا طَيِّبًا فَامْسَحُواْ بِوُجُوهِكُمْ وَأَيْدِيكُم مِّنْهُ ( المائدة ٦)

"നിങ്ങൾ വലിയ അശുദ്ധിയുള്ളവരായാൽ കുളിച്ച് ശുദ്ധിവരുത്തുകയും ചെയ്യുക. നിങ്ങൾ രോഗികളാവുകയോ, യാത്രയിലാവുകയോ, ചെയ്താൽ അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സംസർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക; എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക" (സൂറ മാഇദ: 6)

വെള്ളം ഉപയോഗിക്കാനും തയമ്മും ചെയ്യാനും കഴിയാത്തവരാണ് എങ്കിൽ അവർ തക്കതായ കാരണമുള്ളവർ ആയതിനാൽ അവർക്ക് ഒഴിവുണ്ട്. അവർ വുളുവും തയമ്മവും ഇല്ലാതെ തന്നെ നമസ്കരിക്കട്ടെ. ഒരാൾക്ക് കഴിയുന്ന പ്രകാരം നിർവ്വഹിക്കാനല്ലാതെ അല്ലാഹു കൽപ്പിക്കുന്നില്ല.

فاتقوا الله ما استطعتم (سورة التغابن ١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

ഇക്കാര്യം പ്രവാചകൻ(സ) യും വ്യക്തമാക്കിയിട്ടുണ്ട്.

مَا نَهَيْتُكُمْ عَنْهُ فَاجْتَنِبُوهُ وَمَا أَمَرْتُكُمْ بِهِ فَأْتُوا مِنْهُ مَا اسْتَطَعْتُمْ ( البخاري)

"ഞാൻ നിങ്ങളോട് വിരോധിച്ച കാര്യങ്ങൾ നിങ്ങൾ വർജ്ജിക്കുവീൻ, നിങ്ങളോട് കൽപ്പിച്ച കാര്യങ്ങളിൽ നിന്നും

**നിങ്ങൾക്ക് സാധ്യമാകുന്ന അത്ര നിങ്ങൾ നിർവ്വഹിക്കുക യും ചെയ്യുക." (ബുഖാരി)**

നബി(സ)യുടെ സ്വഹാബികളിൽ ചിലർ ഒരു യാത്രയിൽ വുളുവും തയമ്മവും കൂടാതെ നമസ്കരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിനെ നബി(സ) ആക്ഷേപിച്ച് സംസാരി ച്ചിട്ടുമില്ല. ആയിഷ(റ)യുടെ മാല നഷ്ടപ്പെട്ട യാത്രയിലായി രുന്നു അത്. സ്വഹാബികളിൽ പലരും വെള്ളം അന്വേഷിച്ചു പോയെങ്കിലും അവർക്ക് വെള്ളം കിട്ടിയില്ല. അന്നേരം അവ ർ വുദു നിർവ്വഹിക്കാതെ തന്നെ നമസ്കരിക്കുകയാണ് ഉ ണ്ടായത്. അന്ന് തയമ്മും നിയമമാക്കപ്പെട്ടിരുന്നില്ല. പ്രസ്തു ത സംഭവവുമായി ബന്ധപ്പെട്ടാണ് തയമ്മും നിയമമാക്കപ്പെ ട്ടത്. അതോടെ അത് നിർബന്ധമാവുകയും ചെയ്തു. ഒരു രോഗി അയാൾക്ക് വുളു ഉണ്ടാക്കാൻ കഴിയാതെ വരിക യും സഹായികളായി ആരുമില്ലാത്ത അവസ്ഥയുമാണ് എ ങ്കിൽ അയാൾ തയമ്മും ചെയ്യൽ നിർബന്ധമാണ്. അയാൾ തന്നെ കട്ടിലിനു താഴെ ഒരു പാത്രത്തിലോ കവറിലോ അൽ പ്പം ശുദ്ധമായ മണ്ണ് കരുതി സൂക്ഷിക്കേണ്ടതാണ്. വുളുവിന് പകരം അയാൾ അതുകൊണ്ട് തയമ്മും ചെയ്യുകയും വേ ണം. ഇത് ഒരു ലാഘവത്തോടെ കാണാൻ പാടില്ല. ആശുപ ത്രികളിലെല്ലാം ഇക്കാര്യം ഗൗരവത്തോടെ കാണൽ നിർബ ന്ധമാണ്.

രോഗിയാണ് എങ്കിലും വുളുവോ തയമ്മുമോ നിർവ്വഹിക്കു ന്നതിനു മുമ്പ്, മൂത്രിക്കുകയോ കാഷ്ടിക്കുകയോ ചെയ്ത് മാലിന്യങ്ങളുണ്ടെങ്കിൽ വെള്ളംകൊണ്ടോ തുടച്ച് വൃത്തിയാ ക്കാൻ പററുന്ന വസ്തുക്കൾ കൊണ്ടോ ശുദ്ധി വരുത്തേണ്ട താണ്. വെള്ളം തന്നെ വേണമെന്നില്ല; തുടച്ച് വൃത്തിയാ ക്കാൻ കഴിയുന്ന വൃത്തിയുള്ള കടലാസ്, കല്ല്, ഇഷ്ടിക യുടെ കഷ്ണങ്ങൾ, മരം പോലെയുള്ള ഏത് വസ്തുകൊ

ങ്ങളും തുടച്ച് വൃത്തിയാക്കാവുന്നതാണ്. തുടച്ച് വൃത്തിയാക്കുമ്പോൾ മൂന്ന് പ്രാവശ്യത്തിൽ കുറയാൻ പാടില്ല. എന്നിട്ടും വൃത്തിയാകുന്നില്ലെങ്കിൽ വൃത്തിയാകുന്നത് വരെ അധികരിപ്പിക്കുകയും വേണം. ഇക്കാര്യങ്ങളെല്ലാം ഹദീസുകളിൽ വന്നിട്ടുള്ളതാണ്.

من استجمر فليوتر (البخاري)

"കല്ല് ഉപയോഗിച്ച് ശൗചം ചെയ്യുന്നവൻ ഒററയാക്കട്ടെ" (ബുഖാരി)

نهى رسول الله ﷺ أن يستنجي بأقل من ثلاثة أحجار ونهى أن يستنجي بالعظم والروث وقال إنهما لا يطهران (الدار قطني)

"മൂന്നിൽ കുറഞ്ഞ കല്ലുകൾ കൊണ്ട് വൃത്തിയാക്കുന്നതും എല്ല് ചാണകം എന്നിവകൊണ്ട് വൃത്തിയാക്കുന്നതും നബി (സ) വിരോധിച്ചതാണ്. അവ രണ്ടും ശുദ്ധിയാക്കാൻ പററാത്തവയാണ് എന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്." (ദാറ ഖുത്നി)

**ചോദ്യം 3. ഒരാൾ അയാളുടെ രണ്ടിൽ ഏതെങ്കിലും ഒരു കൈ അതല്ലെങ്കിൽ രണ്ട് കയ്യും പ്ലാസ്റ്റർ ഇടപ്പെട്ടതോ മുറിവ് പററിയതോ ആണ്; അയാൾക്ക് വുളൂവുണ്ടാക്കാൻ ബുദ്ധിമുട്ടാവുകയും ചെയ്താൽ അയാൾ എങ്ങിനെയാണ് തയമ്മും ചെയ്യേണ്ടത്. തയമ്മുമിലും മുഖത്തിൻെറ പരിധി വുദുവിലേത് പോലെത്തന്നെയാണോ ?**

**മറുപടി :** അതെ, തയമ്മുമിലും മുഖത്തിൻെറ പരിധി വുദുവിലേത് പോലെത്തന്നെയാണ്. മുഖം, നെററിയുടെ മുകൾ ഭാഗം മുതൽ താടിയുടെ അററം വരെയും ഒരു ചെവി മുതൽ മറെറ ചെവി വരേയും തടവേണ്ടതാണ്; അപ്രകാരം തന്നെ കൈപ്പടങ്ങളുടെ പുറഭാഗം മണികൺഠം മുതൽ വിര

ലുകളുടെ അററം വരേയും തടവേണ്ടതാണ്. കൈകൾ പ്ലാസ്ററർ ഇടപ്പെട്ടതോ, മുറിവ് പററിയതോ ആണ് എങ്കിൽ അവയുടെ മുകളിൽ തടവിയാൽ മതി. ഒരു കൈ പ്ലാസ്ററർ ഇട്ടതോ, മുറിവുള്ളതോ ആവുകയും മററൊരു കൈ സുരക്ഷിതവുമാണ് എങ്കിൽ സുരക്ഷിതമായത് കഴുകുകയും മുറിവോ പ്ലാസ്റററോ ഉള്ളതിന് മുകളിൽ വെള്ളം കൊണ്ട് തടവുകയുമാണ് ചെയ്യേണ്ടത്. അപ്രകാരം തന്നെ ഇരു കൈകളും ബാൻേറജ് ഉള്ളതാണ് എങ്കിൽ അവയുടെ മുകളിൽ വെള്ളംകൊണ്ട് തടവിയാൽ മതി. വെള്ളം ലഭിക്കാതിരിക്കുകയോ ഉപയോഗിക്കാൻ ബുദ്ധിമുട്ടാവുകയോ ആണെങ്കിൽ തയമ്മും ചെയ്യുകയുമാണ് വേണ്ടത്.

**ചോദ്യം 4. പുരുഷന്മാരായ രോഗികളെ പരിചരിക്കാൻ ചികിൽസാ രംഗത്ത് നേഴ്സുമാരായ സ്ത്രീകൾക്ക് തയ്യാറാവൽ അനുവദനീയമാണോ ? പുരുഷന്മാരായ നേഴ്സുമാർ ഉണ്ടായിരിക്കെ ?**

**മറുപടി :** എല്ലാ ഹോസ്പിററലുകളിലും നേഴ്സുമാർ പുരുഷന്മാരായ രോഗികൾക്ക് പുരുഷ വിഭാഗവും, സ്ത്രീ രോഗികൾക്ക് സ്ത്രീ വിഭാഗവും ഉണ്ടായിരിക്കൽ നിർബന്ധമാണ്. പുരുഷന്മാരെ പരിശോധിക്കാൻ പുരുഷന്മാരായ ഡോക്ടർമാരും സ്ത്രീകളെ പരിശോധിക്കാൻ ലേഡി ഡോക്ടർമാരും ഉള്ളത്പോലെത്തന്നെ. തീരെ ഒഴിച്ചുകൂടാൻ പററാത്ത അവസരത്തിൽ മാത്രം, ഒരു സ്ത്രീയുടെ രോഗ നിർണ്ണയത്തിന് പുരുഷ ഡോക്ടറല്ലാതെ പ്രസ്തുത രോഗത്തെ സംബന്ധിച്ച് അറിയാത്ത അവസ്ഥയാണ് എങ്കിൽ പുരുഷനായ ഒരു ഡോക്ടർക്ക് ഒരു സ്ത്രീയെ പരിശോധിക്കാവുന്നതാണ്. അപ്രകാരം തന്നെ ഒരു പുരുഷൻെറ രോഗം അറിയുന്ന ഒരു ലേഡി ഡോക്ടർ മാത്രമാണ് ഉള്ളതെങ്കിൽ

അവർക്ക് നിർബന്ധ സാഹചര്യം കണക്കിലെടുത്ത് പുരുഷനെ പരിശോധിക്കാവുന്നതാണ്. മേൽപറഞ്ഞ സന്ദർഭങ്ങളിലല്ലാതെയുള്ള അവസരങ്ങളിലെല്ലാം പുരുഷന്മാരെ പരിശോധിക്കാൻ പുരുഷന്മാരായ ഡോക്ടർമാരും സ്ത്രീകളെ പരിശോധിക്കാൻ ലേഡീഡോക്ടർമാരും ഉണ്ടായിരിക്കൽ നിർബന്ധമാണ്. അപ്രകാരം തന്നെയാണ് നേഴ്സ് വിഭാഗവും പുരുഷ രോഗികളെ പരിചരിക്കാൻ പുരുഷന്മാരും സ്ത്രീകൾക്ക് സ്ത്രീ വിഭാഗവും ഉണ്ടായിരിക്കൽ നിർബന്ധമാണ്. അന്യ സ്ത്രീ പുരുഷന്മാർ ഒററക്കാവുകയും അതുമൂലം അനർത്ഥങ്ങൾ ഇല്ലാതിരിക്കാനും അത് അനിവാര്യമാണ്.

ചോദ്യം: 5. മൂത്ര സംബന്ധമായ, ഒരു രോഗിക്ക് മൂത്രം പുറത്ത് കളയാനായി സ്ഥിരമായി ട്യൂബും സഞ്ചിയുമായി കഴിഞ്ഞുകൂടുമ്പോൾ അയാൾ എങ്ങിനെയാണ് വുദുവുണ്ടാക്കുകയും നമസ്കരിക്കുകയും ചെയ്യുക ?

മറുപടി : മൂത്രവാർച്ചയുള്ളവരും രോഗം കാരണമായി രക്തസ്രാവമുള്ള സ്ത്രീകളും അവർക്ക് കഴിയുന്ന രൂപത്തിൽ നമസ്കരിക്കുക എന്നത് മാത്രമെ നിവൃത്തിയുള്ളൂ. അത്തരം രോഗി നമസ്കാര സമയം ആയതിന് ശേഷം മാത്രം തൻെറ അവസ്ഥ എങ്ങിനെയാണോ ആ നിലയിൽ വുദു എടുത്ത് നമസ്കരിച്ചാൽ മതിയാകും. ഇനി വെള്ളം ഉപയോഗിക്കാൻ പററാത്തപ്പോൾ അവൻ തയമ്മും ചെയ്യുകയുമാണ് വേണ്ടത്. വെള്ളം ഉപയോഗിക്കാൻ കഴിയുമ്പോൾ വുദു എടുക്കുക തന്നെവേണം. അതാണ് അല്ലാഹുവിൻെറ വചനം പഠിപ്പിക്കുന്നത്.

فاتقوا الله ما استطعتم (سورة التغابن ١٦)

"അതിനാൽ നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (സൂറ: തഗാബുൻ 16)

അതിന് ശേഷം പുറത്ത് വരുന്നത് അവർ പരിഗണിക്കേണ്ടതില്ല. എന്നാൽ സമയം ആയതിന് ശേഷമല്ലാതെ അവർ വുദു എടുക്കാൻ പാടുള്ളതല്ല. സമയമായി വുദു എടുത്ത ശേഷം പിന്നേയും ലിംഗത്തിൽ നിന്നും മൂത്രം പുറത്ത് വരുന്ന മൂത്രവാർച്ചയുള്ളവർക്ക് അത്കൊണ്ട് പ്രശ്നമില്ല; അവൻ അങ്ങിനെത്തന്നെ നമസ്കരിച്ചുകൊള്ളട്ടെ. അവന് അതിൽ വിടുതിയുണ്ട്. അപ്രകാരം തന്നെയാണ് രോഗം മൂലം രക്തസ്രാവമുള്ള സ്ത്രീകളുടെയും അവസ്ഥ. രക്തം വരുന്ന നിലയിൽ തന്നെ, അവരും മേൽ പറഞ്ഞ നിലക്ക് സമയം ആയ ശേഷം വുദു എടുത്ത് കഴിയുന്ന വിധം നമസ്കരിക്കട്ടെ. സ്ഥിരമായ നിലക്ക് അശുദ്ധിയുള്ള ഏതൊരാളുടേയും അവസ്ഥ ഇപ്രകാരം തന്നെയാണ്. അവർ ഓരോ നമസ്കാരത്തിൻേറയും സമയം ആയ ശേഷം മാത്രം വുദു എടുത്ത് നമസ്കരിക്കുകയാണ് വേണ്ടത്. അപ്രകാരം നിർവ്വഹിക്കാനാണ് പ്രവാചകൻ(സ) രക്തസ്രാവമുള്ള സ്ത്രീയോട് കൽപ്പിച്ചത്. تَوَضَّئِي لِوَقْتِ كُلِّ صَلَاةٍ "എല്ലാ ഓരോ നമസ്കാര സമയത്തിലും നീ വുദുവുണ്ടാക്കുക." അതിനാൽ മൂത്രവാർച്ചയുള്ളവരും രക്തസ്രാവമുള്ള സ്ത്രീകളും ചോദ്യത്തിൽ ഉന്നയിക്കപ്പെട്ട വിധമുള്ള രോഗികളും സമയമായ ശേഷം വുദു എടുത്ത് ആ സമയത്തെ ഫറളും, സുന്നത്തും, മുസ്ഹഫ് എടുത്ത് ഖുർആൻ പാരായണവും, മക്കയിലാണ് എങ്കിൽ കഅബ ത്വവാഫും എല്ലാം നിർവ്വഹിക്കട്ടെ. എന്നാൽ പ്രസ്തുത ഫറള് നമസ്കാര സമയം പിന്നിട്ടാൽ മേൽ പറയപ്പെട്ട എല്ലാ കർമ്മങ്ങളും നിർത്തുകയും വീണ്ടും വുദു എടുത്ത ശേഷം മാത്രം അവ നിർവ്വഹിക്കുകയുമാണ് ചെയ്യേ

ണ്ടത്. അല്ലാഹു ചൊവ്വായതിലേക്ക് നമുക്ക് മാർഗ്ഗദർശനം നൽകട്ടെ.

**ചോദ്യം: 7. ആശുപത്രി ജീവനക്കാരിൽ ചില സ്ത്രീകൾ അവർ പരസ്പരം സംസാരിക്കുമ്പോഴും തങ്ങളുടെ കൂടെയുള്ള ജോലിക്കാരായ പുരുഷന്മാരോട് സംസാരിക്കുമ്പോഴും വളരെ ഉറക്കെ സംസാരിക്കുകയും, ചിലർ പുരുഷന്മാരായ ഡോക്ടർമാരോടും മററും കൈ കൊടുത്ത് സംസാരിക്കുകയും ചെയ്യുന്നത് കാണുന്നു. എന്താണ് അതിൻെറ മതവിധി ? അത്തരം കാര്യങ്ങൾ കണ്ടില്ല എന്ന് നടിച്ച് മൗനം പാലിക്കുന്നത് കുററകരമാകുമോ ?**

മറുപടി: രോഗികളുമായി ഇടപെടുമ്പോൾ ഡോക്ടർമാരായ സ്ത്രീ പുരുഷന്മാർ ശബ്ദം ഉയർത്താതിരിക്കൽ നിർബന്ധമാണ്. അങ്ങിനെ തന്നെയാണ് മററ് അവസരങ്ങളിലും പാലിക്കേണ്ടത്.

എന്നാൽ സ്ത്രീപുരുഷന്മാർ പരസ്പരം ഹസ്തദാനം നടത്തൽ, വിവാഹ ബന്ധം നിഷിദ്ധമായ അടുത്ത ബന്ധുക്കൾ തമ്മിൽ അല്ലാതെ അനുവദനീയമല്ല. ഡോക്ടർമാരായാലും നേഴ്സുമാരായാലും വിവാഹം കഴിക്കൽ അനുവദിക്കാത്ത അടുത്ത ബന്ധുക്കൾ അല്ല; എങ്കിൽ പാടുള്ളതല്ല. താഴെ പറയുന്ന നബിവചനങ്ങൾ ശ്രദ്ധിക്കുക:

إنِّي لا أُصَافِحُ النِّسَاءَ "ഞാൻ സ്ത്രീകൾക്ക് കൈകൊടുക്കയില്ല" ( رواه الخمسة إلا أبو داود )

ആയിഷ(റ) പറയുന്നു:

وَاللهِ مَا مسَّتْ يَدُ رَسُولِ اللهِ ﷺ يَدَ امْرَأَةٍ قَطُّ ، مَا كَانَ يُبَايِعُهُنَّ إلاَّ بِالكَلَامِ عليه الصَّلاةُ والسلام (البخاري)

"നബി(സ)യുടെ കൈ ഒരു സ്ത്രീയുടെ കയ്യുമായും ഒരിക്കലും സ്പർശിച്ചിട്ടില്ല. അദ്ദേഹം അവരിൽനിന്നും ബൈഅത്ത് (അനുസരണക്കരാർ) സ്വീകരിച്ചിരുന്നത് വാക്കിലൂടെ മാത്രമായിരുന്നു." (ബുഖാരി)

അതിനാൽ ഒരു സ്ത്രീയും അന്യ പുരുഷനുമായി ഹസ്തദാനം പാടില്ല. ഡോക്ടർ, മാനേജർ, രോഗി എന്നിങ്ങനെ ഒരാളുമായും അടുത്ത ബന്ധുവല്ല എങ്കിൽ കൈകൊടുത്ത് സംസാരിക്കാൻ പാടില്ല. എന്നാൽ മാന്യമായ നിലയിൽ സംസാരിക്കുന്നതിനും, കൈകൊടുത്തുകൊണ്ടും നഗ്നത വെളിവാക്കിക്കൊണ്ടും അല്ലാത്ത നിലയിൽ സലാം പറയുന്നതിനും വിരോധമില്ല. അത്കൊണ്ട് തന്നെ സ്ത്രീകൾ അന്യ പുരുഷന്മാരുടെ മുന്നിൽ തലയും ശരീരവും, നിഖാബ് കൊണ്ടെങ്കിലും മുഖവും മറച്ചിരിക്കേണ്ടതാണ്. കാരണം സ്ത്രീ ഔറത്തും ആക്രമിക്കപ്പെടാനുള്ള സാധ്യത ഏറെയുമാണ്.

അല്ലാഹു പറയുന്നത് കാണുക:

وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ (سورة الأحزاب ٥٣)

"നിങ്ങൾ അവരോട് വല്ലതും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് ഒരു മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും സംശുദ്ധമായിട്ടുള്ളത്." (അഹ്സാബ് 53)

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ (سورة النـور ٣١)

"അവരുടെ ഭർത്താക്കൾ പിതാക്കൾ എന്നിവർക്കല്ലാതെ അവരുടെ ഭംഗി അവർ വെളിപ്പെടുത്തരുത്." (നൂർ : 31)
തലയും മുഖവും സ്ത്രീയുടെ ഭംഗിയിൽ ഏററവും മുന്നിൽ നിൽക്കുന്ന ഭാഗങ്ങളാണ്. അപ്രകാരം തന്നെ അവരുടെ കൈകളിലും കാലുകളിലും അണിയുന്ന ആഭരണങ്ങൾ മൈലാഞ്ചി എന്നിവയെല്ലാം നാശഹേതുക്കളാണ് എന്നാണ് മേൽ പറഞ്ഞ ആയത്തുകളിൽ നിന്നും മനസ്സിലാകുന്നത്. അത്കൊണ്ട് സ്ത്രീ മുഴുവനും ഔറത്താണ്; എന്നും അതിനാൽ അവരുടെ ശരീരം മുഴുവൻ മറച്ച് നാശത്തിൽ നിന്നും അകന്ന് നിൽക്കണമെന്നുമാണ് ഉദ്ദേശിക്കപ്പെടുന്നത്. നാശത്തിലേക്ക് എത്തിക്കുന്ന കാരണങ്ങളിൽ പെട്ടത് തന്നെയാണ് ഹസ്തദാനവും എന്ന് മനസ്സിലാക്കേണ്ടതാണ്.

[സ്ത്രീ മുഖം അടക്കം, ശരീരം മുഴുവനും മറക്കേണ്ടതുണ്ടോ അതല്ല മുൻകയ്യും മുഖവും ഒഴിച്ചുള്ള ഭാഗങ്ങൾ മറച്ചാൽ മതിയോ എന്നത് അഭിപ്രായ വ്യത്യാസം നിലനിൽക്കുന്ന വിഷയമാണ്. ശൈഖ് നാസ്വിറുദ്ദീൻ അൽബാനി(റ) യെ പോലുള്ള പണ്ഡിതന്മാർ സ്ത്രീ നിർബന്ധമായും മുഖവുംകൂടി മറക്കേണ്ടതാണ് എന്ന അഭിപ്രായത്തോട് യോജിക്കുന്നില്ല. വിവർത്തകൻ ].

ചോദ്യം: 8. ആശുപത്രി ജീവനക്കാരികളിൽ ചില ലേഡീ ഡോക്ടർമാരും, നഴ്സുമാരും, ക്ലീനിംഗ് വിഭാഗത്തിലുള്ളവരും ഇടുങ്ങിയതും കണംകാലുകളും കൈകളും മാറുമെല്ലാം പുറത്ത് കാണുന്ന വിധത്തിലുമുള്ള വസ്ത്രങ്ങൾ ധരിക്കുന്നത് കാണുന്നു; എന്താണ് അതിൻെറ ഇസ്ലാമിക വിധി ?

മറുപടി: ലേഡീ ഡോക്ടർമാർ, നഴ്സുമാർ, ജോലിക്കാരികൾ എന്നിങ്ങനെ ഏത് വിഭാഗത്തിൽ പെട്ട സ്ത്രീകളും അല്ലാഹുവിനെ സൂക്ഷിക്കുകയും മാന്യതയുള്ളതും നഗ്നത വെളിവാകാത്തതും ശരീരാവയവങ്ങൾ മുഴച്ചു കാണാത്തതുമായ വസ്ത്രം ധരിക്കൽ നിർബന്ധമാണ്. അവർ മുകളിൽ ഏഴാമത്തെ മറുപടിയിൽ പറഞ്ഞ ആയത്തുകളിൽ സൂചിപ്പിച്ച അന്യരെ ആകർഷിക്കാത്തതും മതം അനുശാസിക്കുന്ന വിധമുള്ളതും കൂടുതൽ ഇടുങ്ങിയതോ അയഞ്ഞതോ അല്ലാത്തതായ വസ്ത്രങ്ങളാണ് ധരിക്കേണ്ടത്. ഈ വിഷയത്തിൻെറ ഗൗരവം താഴെ പറയുന്ന ഹദീസുകളും വ്യക്തമാക്കുന്നുണ്ട്.

الْمَرْأَةُ عَوْرَةٌ "സ്ത്രീ ഔറത് (നഗ്നത) ആണ്" (തിർമുദി)

صِنْفَانِ مِنْ أَهْلِ النَّارِ لَمْ أَرَهُمَا : رِجَالٌ بِأَيْدِيهِمْ سِيَاطٌ كَأَذْنَابِ الْبَقَرِ يَضْرِبُونَ بِهَا النَّاسَ ، وَنِسَاءٌ كَاسِيَاتٌ عَارِيَاتٌ مَائِلَاتٌ مُمِيلَاتٌ رُؤُوسُهُنَّ كَأَسْنِمَةِ الْبُخْتِ الْمَائِلَةِ لَا يَدْخُلْنَ الْجَنَّةَ وَلَا يَجِدْنَ رِيحَهَا وَإِنَّ رِيحَهَا لَيُوجَدُ مِنْ مَسِيرَةِ كَذَا وَكَذَا (مسلم)

"നരകാവകാശികളായ രണ്ട് വിഭാഗം ആളുകൾ, ഞാൻ അവരെ കണ്ടിട്ടില്ല; പശുക്കളുടെ വാല് പോലുള്ള ചാട്ടവാറും കയ്യിൽ പിടിച്ച് ജനങ്ങളെ മർദ്ദിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളാണ് അവരിലൊന്ന്. മറ്റൊരു വിഭാഗം വസ്ത്രം ധരിച്ച നഗ്നകളായ സ്ത്രീകളാണ്. ചാഞ്ഞും ചെരിഞ്ഞുമിരിക്കുന്ന, ഒട്ടകങ്ങളുടെ പൂഞ്ഞപോലെയുള്ള തലകളായിരിക്കും അവർക്ക്. അവർ അന്യരിലേക്ക് ചാഞ്ഞും മറ്റുള്ളവരെ തങ്ങളിലേക്ക് വശീകരിച്ചും കൊണ്ടിരിക്കും. അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതല്ല. സ്വർഗ്ഗത്തിൻെറ പ

രിമളം ആസ്വദിക്കുക പോലുമില്ല. എത്രയോ ദൂരത്തേക്ക് അടിച്ചുവീശുന്നതാണ് അതിന്റെ പരിമിളം.'' (മുസ്ലിം)

ഇത് ഗൗരവമേറിയ ഒരു താക്കീത് ആണ്. ജനങ്ങളുടെ കാര്യങ്ങൾ ഏൽപ്പിക്കപ്പെട്ട, ജനങ്ങളെ തങ്ങളുടെ പട്ടാളത്തെയും നിയമപാലകരെയും ഉപയോഗിച്ച് അന്യായമായി മർദ്ദിച്ചുകൊണ്ടിരിക്കുന്നവരാണ് ഹദീസിൽ പറയപ്പെട്ട ആദ്യ വിഭാഗം. യഥാർത്ഥത്തിൽ ന്യായമായ നിലക്കല്ലാതെ ജനങ്ങളെ പ്രഹരിക്കാതിരിക്കൽ നിർബന്ധമാണ്. ഇവിടെ പറയപ്പെട്ട വസ്ത്രം ധരിച്ച നഗ്നകളായ സ്ത്രീകൾ, അവർ വസ്ത്രം ധരിച്ചിട്ടുണ്ട് എന്നാൽ അതിന്റെ ചെറുപ്പം കാരണത്താലോ നേർമ്മ കാരണമായോ ശരീര ഭാഗങ്ങൾ ഒന്നും മറഞ്ഞിട്ടില്ലാത്ത സ്ത്രീകളാണ്. പേരിന് വസ്ത്രം ധരിച്ചവർ, സത്യത്തിൽ അവർ നഗ്നകൾ തന്നെ.! അവരുടെ തലയും മാറും കണങ്കാലുകളും മററു ഭാഗങ്ങൾ പലതും പുറത്ത് കാണപ്പെടുകയും ചെയ്യുന്നു. അവയെല്ലാം നഗ്നതയാണ്. അതിനാൽ അല്ലാഹുവിനെ ഭയപ്പെട്ട് ഇത്തരം മോശപ്പെട്ട രീതികളിൽ നിന്നും അവർ അകന്ന് നിൽക്കട്ടെ. സ്ത്രീകൾ, പുരുഷന്മാരിൽ നിന്നും ഫിത്നകൾക്ക് വഴിവെക്കാത്ത നിലക്ക് ശരീരഭാഗങ്ങൾ മറച്ച് അവരിൽനിന്നും അകന്ന് കഴിയേണ്ടവരാണ്. അത് എപ്രകാരമെന്ന് മതം അവർക്ക് വിവരിച്ചു കൊടുത്തിട്ടുമുണ്ട്. മററ് സ്ത്രീകൾക്ക്കൂടി മാതൃകയാകും വിധം മാന്യമായാണ് അവർ വസ്ത്രം ധരിക്കേണ്ടത്. ഡോക്ടർമാരും നേഴ്സുമാരും രോഗികളും മററ് എല്ലാവരും അല്ലാഹുവിനെ സൂക്ഷിച്ച് ജീവിക്കൽ അനിവാര്യമാണ്. ഡോക്ടർമാരും നേഴ്സുമാരും തങ്ങളുടെ സേവന വിഷയത്തിലെന്ന പോലെ ശരീര ഭാഗങ്ങൾ മറച്ച് ഫിത്നകളിൽ നിന്ന് അകന്ന് നിൽക്കേണ്ട വിഷയത്തിലും അല്ലാഹുവിനെ ഭ

യപ്പെടേണ്ടതാണ്. അല്ലാഹു എല്ലാർവക്കും നല്ല വഴി തോന്നിപ്പിക്കട്ടെ. എന്ന് നമുക്ക് ആശിക്കാം.

ചോദ്യം: 9. ചില രോഗികളുടെ റൂമുകളിലുള്ള ടെലിവിഷനെ സം ബന്ധിച്ചാണ് ചോദ്യം. ചിലർ അതിൽ താൽപ്പര്യം കാണിക്കുമ്പോൾ മററ് പലർക്കും അത് പ്രയാസവും അലോസരവുമുണ്ടാക്കുന്നു. ഈ സാഹചര്യത്തിൽ ഞങ്ങൾ എന്താണ് ചെയ്യേണ്ടത് ?

മറുപടി : ചോദ്യത്തിൽ പറഞ്ഞത് പോലെ ടെലിവിഷനിൽ താൽപ്പര്യം കാണാത്ത രോഗികളുള്ള റൂമുകളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്താതിരിക്കുകയാണ് വേണ്ടത്. പ്രശ്നങ്ങൾ ഇല്ലാതിരിക്കാനും അവരുടെ നല്ല മാനസികാവസ്ഥ നിലനിർത്താനും അതാണ് നല്ലത്. ഒരു റൂമിലുള്ള എല്ലാവരും അതിൽ തൽപരാണ് എങ്കിൽ സൗകര്യം ഏർപ്പെടുത്തുന്നതിന് തെറെറാന്നുമില്ല. അതും ഖുർആൻ പാരായണം, ഭൗതികമോ മതപരമോ ആയ ഏതെങ്കിലും നിലക്കുള്ള വിജ്ഞാനപ്രദമായ പരിപാടികൾ എന്നിങ്ങനെ ഉപകാരപ്രദമായവ ശബ്ദം കുറച്ച് മാത്രം ഉപയോഗിക്കുക എന്ന നിബന്ധനയോടെ മാത്രമെ അനുവദിക്കാവൂ. മനുഷ്യന് ദോഷകരമായ ഗാനങ്ങൾ വിനോദ പരിപാടികൾ എന്നിവ തീർത്തും ഒഴിവാക്കുകയും വേണം. എന്നാൽ കൂടുതൽ സൂക്ഷ്മതക്കും നന്മക്കും ഗുണകരമായിട്ടുള്ളത് അത് തീർത്തും ഒഴിവാക്കൽ തന്നെയാണ്. എന്നാൽ രോഗിക്ക് അനിവാര്യമായും ലഭിക്കേണ്ട വിശ്രമത്തിനും ഉറക്കിനും തടസ്സം നേരിടുകയോ, മററുള്ളവരുടെ താൽപര്യം പരിഗണിക്കാതെ ടെലിവിഷൻ ഉപയോഗിക്കുന്ന വിഡ്ഢികളായ ചിലരെങ്കിലും ഉള്ളിടത്തോ അത് അനുവദിക്കാൻ പാടില്ല. തികച്ചും പടച്ചവനെ പേടിയുള്ള, ഉപകാരപ്രദമായ വിഷയങ്ങൾ മാത്രം മററു

ള്ളവരുടെ കൂടി തൃപ്തിയോടെ മാത്രം ഉപയോഗിക്കുന്ന വിശ്വസ്തനായ ഒരാളുടെ നിയന്ത്രണത്തിൽ മാത്രമെ അത് അനുവദിക്കാനും പാടുള്ളൂ. അല്ലാത്ത നിലക്ക് അത് ഒഴിവാക്കലാണ് ഗുണകരം.

**ചോദ്യം: 10. ഹോസ്പിററലുകളിൽ നടക്കുന്ന ചില യാത്രയയപ്പ് യോഗങ്ങളിൽ സ്ത്രീകളും പരുഷന്മാരും സംബന്ധിക്കുന്നതിനെ സംബന്ധിച്ച് എന്താണ് അഭിപ്രായം ? അതുപോലെ മ്യൂസിക് കൊണ്ടുള്ള ചികിൽസയുടെ വിധി എന്താണ് ?.**

മറുപടി: ഇടകലർന്നുള്ള യോഗങ്ങൾ ഒരിക്കലും പാടില്ല. പുരുഷന്മാർക്ക് പുരുഷന്മാർ മാത്രമുള്ളതും, സ്ത്രീകൾക്ക് സ്ത്രീകൾ മാത്രമുള്ളതുമായ യോഗങ്ങളായിരിക്കണം സംഘടിപ്പിക്കുന്നത്. ഇടകലർന്നുള്ളത് നിഷിദ്ധവും ജാഹിലിയ്യ കാലത്തെ സമ്പ്രദായങ്ങളിൽ പെട്ടതുമാണ്. അല്ലാഹു നമ്മെ കാക്കട്ടെ.

മ്യൂസിക് കൊണ്ടുള്ള ചികിൽസ എന്നത് യാതൊരു അടിസ്ഥാനവുമില്ലാത്ത വിഷയമാണ്. കേവലം ചില വിഡ്ഢികളുടെ പ്രവർത്തനത്തിൽ പെട്ടതാണ് അത്. മ്യൂസിക് ചികിൽസയല്ല; അത് യഥാർത്ഥത്തിൽ രോഗമാണ്. അത് ഒരു തരത്തിലുള്ള വിനോദ ഉപകരണമാണ്. അവയെല്ലാം ഹൃദയങ്ങൾക്ക് രോഗമുണ്ടാക്കുന്നതും സ്വഭാവ ദൂഷ്യങ്ങൾക്ക് ഇടവരുത്തുന്നതുമാണ്. എന്നാൽ മനസ്സുകൾക്ക് ആനന്ദവും ഫലപ്രദവുമായ ചികിൽസയാണ് രോഗികൾക്ക് ഖുർആൻ പാരായണം, പ്രയോജനപ്രദമായ ഉപദേശ പ്രസംഗങ്ങൾ, ഹദീസുകൾ എന്നിവ കേൾപ്പിക്കൽ. മ്യൂസിക് അതുപോലെ മററ് വാദ്യോപകരണങ്ങൾ എന്നിവകൊണ്ടുള്ള ചികിൽസ

മനുഷ്യനെ തെററുകൾക്ക് പ്രേരണ നൽകുന്നതും രോഗങ്ങ ൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നവ മാത്രമാണ്. അതോടൊ പ്പം അത്തരക്കാർ വിശുദ്ധ ഖുർആനും ഹദീസും മററ് ഉപ ദേശങ്ങളും കേൾക്കുന്നതിൽ നിന്ന് തിരിഞ്ഞുകളയാനും ഇ ടവരുത്തും. അല്ലാഹുവിൽ ശരണം.

**ചോദ്യം: 11. ഡോക്ടർമാർക്ക് മതപരമായ കാര്യങ്ങളിൽ വി ധി പറയാൻ അവകാശമുണ്ടോ ? ഒരു വിഷയത്തിൽ ഡോ ക്ടർ ഒരു വിധി പറഞ്ഞാൽ രോഗി അത് സ്വീകരിക്കേണ്ടതു ണ്ടോ അതോ മതപണ്ഡിതന്മാരിലേക്ക് ആ കാര്യം മടക്കേ ണ്ടതുണ്ടോ ?**

മറുപടി: മതപമായ വിഷയങ്ങളിൽ ഡോക്ടർമാർ വിധി പ റഞ്ഞാൽ രോഗികൾ അത് മതപണ്ഡിതരിലേക്ക് മടക്കൽ നിർബന്ധമാണ്. കാരണം ഡോക്ടർമാരുടെ ജോലി അവരു ടെ വിഷയവുമായി ബന്ധപ്പെട്ടതാണ്; മത വിഷയങ്ങൾ അ തിന് അതിൻേറതായ പണ്ഡിതരുമുണ്ട്. അതുകൊണ്ട് ഡോക്ടർ വിധി പറഞ്ഞ ഒരു മതവിഷയത്തിൽ മതപണ്ഡി തരുമായി ടെലിഫോണിലൂടെയോ, അതല്ലെങ്കിൽ ഒരാളെ പറ ഞ്ഞയച്ചോ അക്കാര്യം അന്വേഷിച്ച് ഉറപ്പ് വരുത്തിയ ശേഷ മേ പ്രവർത്തിച്ചുകൂടൂ. മതപരമായ അറിവില്ലാതെ ഡോക്ടർ ക്ക് മാത്രമല്ല, മററാർക്കും വിധിപറയാൻ പാടില്ലാത്തതാണ്. ഞാൻ ഇന്ന പണ്ഡിതനോട് അന്ന് ഒരു വിഷയത്തെപ്പററി ചോദിച്ചപ്പോൾ അങ്ങിനെയാണ് പറഞ്ഞത്; എന്നതുപോലെ പറയാൻ പാടില്ല. എവിടെയാണെങ്കിലും ഡോക്ടർ ഏതെ ങ്കിലും മതവിഷയത്തിൽ സംശയമുണ്ടായാൽ അദ്ദേഹം ഏ ത് ആശുപത്രിയിലോ ഏത് നാട്ടിലോ ആയിരുന്നാലും ആ നാട്ടിലെ പണ്ഡിതരോടോ ഖാദിമാരോടോ ചോദിച്ച് ഉറപ്പ് വരുത്തുന്നത് വരെ രോഗികളോട് അറിയാത്ത കാര്യത്തിൽ

ഫത്‌വ നടത്താൻ പാടില്ല. അവർ മതവിധി പറയേണ്ട വിഭാഗമല്ല. വൈദ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസാരിക്കുകയും ഉപദേശിക്കുകയും ചെയ്തുകൊള്ളട്ടെ അവർ.

ചോദ്യം: 12. ഞാൻ രോഗികളെ പരിചരിക്കാനായി നേഴ്സിംഗ് വിഭാഗത്തിൽ ജോലിചെയ്യുന്ന ഒരു മെയിൽ സ്ററാഫാണ്. എൻെറ കൂടെ അതേ വിഭാഗത്തിൽ സ്ത്രീ രോഗികളെ പരിചരിക്കുന്ന ലേഡീ സ്ററാഫുമുണ്ട്. ചിലപ്പോൾ ഡ്യൂട്ടി കഴിഞ്ഞ് നേരം പുലരുന്നത് വരെ ഞങ്ങൾ രണ്ട് പേർ മാത്രമായി കഴിയേണ്ട അവസ്ഥകളുണ്ടാകാറുണ്ട്. ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ഞങ്ങൾ വല്ല അനിഷ്ട സംഭവങ്ങളും ഉണ്ടായിപ്പോകുമോ എന്ന് ഭയപ്പെട്ടാണ് പലപ്പോഴും നേരം വെളുപ്പിക്കാറുള്ളത്. ഈ രീതിക്ക് മാററം വരുത്താനും സാധ്യമല്ലാത്ത അവസ്ഥയിലാണ്. അല്ലാഹുവിനെ ഭയപ്പെട്ട് ഞങ്ങൾ ഈ ജോലി ഉപേക്ഷിക്കണോ ? അങ്ങിനെ വരുമ്പോൾ ഞങ്ങൾക്ക് ഉപജീവനത്തിന് മററ് മാർഗ്ഗം ഇല്ലാതെയും വരും. ഈ സാഹചര്യത്തിൽ ഞങ്ങൾ എന്ത് ചെയ്യണമെന്ന് നിർദ്ദേശിച്ചാലും.

മറുപടി: ഹോസ്പിററൽ മാനേജ്മെൻറ് ഒരുസ്ത്രീയേയും പുരുഷനേയും അവർ രണ്ട് പേരും രാത്രിയിൽ തനിച്ച് ആകുന്ന വിധത്തിൽ ഡ്യൂട്ടിക്ക് നിശ്ചയിക്കുക എന്നത് വലിയ തെററും കുററകരവുമാണ്. അത് തെററുകൾക്ക് പ്രേരണ നൽകലും കൂടിയായിരിക്കും. ഒരു പുരുഷൻ സ്ത്രീയുമായി ഒരിടത്ത് തനിച്ചാകുമ്പോൾ അവർ തമ്മിൽ വൃത്തി കേടുകൾ പ്രവർത്തിപ്പിക്കാനും അതിലേക്ക് എത്തിച്ചേക്കാവുന്ന കാര്യങ്ങൾക്കും പിശാച് അവരെ തോന്നിപ്പിക്കും എന്നതിൽ നിന്നും നിർഭയരായിക്കൂട. അതുകൊണ്ടാണ് റസൂൽ

(സ) ഇക്കാര്യത്തെക്കുറിച്ച് മുൻകൂട്ടിത്തന്നെ മുന്നറിയിപ്പ് നൽകിയതും.

لا يَخلُوَنّ رجلٌ بامْرَأةٍ فإنّ الشّيْطانَ ثالِثُهُمَا ( أحمد )

"ഒരു പുരുഷനും തന്നെ ഒരു സ്ത്രീയുമായി ഒററക്കായി ത്തീരുകയില്ല; പിശാച് മൂന്നാമനായി അവരോടൊപ്പം ഉണ്ടാ യിക്കൊണ്ടല്ലാതെ" (അഹ്മദ് )

അതുകൊണ്ട് തന്നെ മേൽ പറയപ്പെട്ട നിലക്കുള്ള ജോലി അനുവദിക്കപ്പെട്ടതല്ല. അതിനാൽ പ്രസ്തുത ജോലി ഒഴിവാ ക്കേണ്ടതാണ്. അത് നിഷിദ്ധമാണ്. അല്ലാഹു നിഷിദ്ധമാക്കി യ കാര്യങ്ങളിലേക്ക് വഴിവെക്കുന്നതുമാണ് അല്ലാഹുവിനെ ഭയപ്പെട്ട് താങ്കൾ ആ ജോലി ഉപേക്ഷിച്ചാൽ അല്ലാഹു അ തിനേക്കാൾ ഗുണകരമായത് താങ്കൾക്ക് പകരം നൽകിയേ ക്കും.

وَمَن يَتَّقِ اللّهَ يَجْعَل لَّهُ مَخْرَجًا ، وَيَرْزُقْهُ مِنْ حَيْثُ لا يَحْتَسِبُ (سورة الطلاق ٢،٣)

"അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന് ഉപജീവനം നൽകുക യും ചെയ്യുന്നതാണ്." (ത്വലാഖ് 2,3)

وَمَن يَتَّقِ اللّهَ يَجْعَل لَّهُ مِنْ أَمْرِهِ يُسْرًا (سورة الطلاق ٤)

"വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവൻെറ കാര്യത്തിൽ അല്ലാഹു അവന് എളുപ്പമുണ്ടാക്കിക്കൊടുക്കു ന്നതാണ്." (ത്വലാഖ് : 4)

അതുപോലെ ചോദ്യത്തിൽ പറയപ്പെട്ട സ്ത്രീയും അല്ലാഹു വെ ഭയപ്പെടുകയും തങ്ങൾ ആവശ്യപ്പെടുന്നവിധം മാററം ലഭ്യമായില്ലെങ്കിൽ ജോലി രാജിവെച്ചുകൊള്ളട്ടെ. അല്ലാഹു

നിർബന്ധമാക്കിയത് പ്രവർത്തിക്കാനും നിഷിദ്ധമാക്കിയത് ഉപേക്ഷിക്കാനും നിങ്ങൾ ഓരോരുത്തരും കടപ്പെട്ടവരാണ്.

ചോദ്യം: 13. ഞാൻ ഒരു ഡോക്ടറാണ് എൻെറ കൂടെ പരിശോധനാ മുറിയിൽ ഒരു നേഴ്സുകൂടി ഡ്യൂട്ടിയിലുണ്ടാകും പലപ്പോഴും രോഗികൾ വരുന്നത് വരെ ഞങ്ങൾ പല കാര്യങ്ങളും സംസാരിച്ചുകൊണ്ടിരിക്കാറുണ്ട്. എന്താണ് ഇതിൻെറ മതവിധി ?

മറുപടി: ഈ പ്രശ്നം തൊട്ടു മുമ്പ് ചോദിച്ച ചോദ്യത്തിലെ അതേ പ്രശ്നം തന്നെയാണ്. ഒരു സ്ത്രീയുമായി തനിച്ച് ഒരിടത്ത് കഴിഞ്ഞുകൂടുക എന്നത് ഒരിക്കലും താങ്കൾക്ക് അനുവദനീയമല്ല. പരിശോധനാ മുറിയിലോ അല്ലാത്തിടങ്ങളിലോ ഒരു ഡോക്ടറും നേഴ്സും, അതല്ലെങ്കിൽ ലേഡീ ഡോക്ടറും പുരുഷ സ്ററാഫും മാത്രമാകുന്ന വിധം ഒരുമിച്ചാകാൻ പാടില്ല. മുമ്പ് പറഞ്ഞ ഹദീസ് അതാണ് മനസ്സിലാക്കിത്തരുന്നത്. അല്ലാഹുവിൻെറ പ്രത്യേക കാരുണ്യം ലഭിച്ചവർക്ക് മാത്രമെ അത്തരം ഫിത്നകളിൽ നിന്നും രക്ഷപ്പെടാൻ കഴിയുകയുള്ളൂ. പുരുഷ രോഗികളെ പരിശോധിക്കാൻ പുരുഷന്മാർ മാത്രവും സ്ത്രീകളെ പരിശോധിക്കാൻ സ്ത്രീകൾ മാത്രവും ആയിരിക്കൽ നിർബന്ധമാണ്.

ചോദ്യം : 14. രോഗികളെ ശുശ്രൂഷിക്കുന്നതിനും പരിശോധിക്കുന്നതിനുമിടയിൽ ഒരു പാട് നമസ്കാരങ്ങൾ നഷ്ടപ്പെട്ട ഒരു വ്യക്തിയാണ് ഞാൻ. പലപ്പോഴും ശേഷമുള്ള നമസ്കാരത്തിൻെറ കൂടെ ഒരുമിച്ചു നമസ്കരിക്കലാണ് പതിവ്. രോഗികൾക്ക് സേവനം ചെയ്യുന്നതിനിടയിൽ ജുമുഅയും നഷ്ടപ്പെട്ടിട്ടുണ്ട്. എന്തായിരിക്കും ഇവയുടെ അവസ്ഥ ? ഇത് അനുവദനീയമാണോ ?.

മറുപടി : നമസ്കാരം അതാതിൻെറ സമയങ്ങളിൽ തന്നെ നിർവ്വഹിക്കൽ നിർബന്ധമാണ്. സമയം തെററിച്ചു നമസ്കരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. എന്നാൽ ജുമുഅ, ഒരിക്കലും ജനങ്ങളോടൊപ്പം നമസ്കരിക്കാൻ കഴിയാത്ത വിധം കാവൽ ഡ്യൂട്ടിയിലോ മററോ ഏർപ്പെടുന്ന ഒരു വ്യക്തിയാണ് താങ്കൾ എങ്കിൽ ജുമുഅയുടെ നിർബന്ധത്തിൽ നിന്നും താങ്കൾ ഒഴിവാണ്. നിങ്ങൾക്ക് രോഗികൾക്കും മററും അനുവദിക്കപ്പെട്ടത് പോലെ ളുഹർ നമസ്കരിച്ചാൽ മതിയാകുന്നതാണ്. എന്നാൽ മററു നമസ്കാരങ്ങൾ അതാതിൻെറ സമയത്ത് തന്നെ നിർവ്വഹിക്കുകയും വേണം. അത് സമയം തെററിച്ചു നമസ്കരിക്കുവാനോ ജംആക്കുവാനോ (മററ് നമസ്കാരത്തിൻെറ കൂടെ ഒരുമിച്ച് നമസ്കരിക്കുവാനോ) അനുവാദമില്ല.

ചോദ്യം : 15. ആശുപത്രി ജീവനക്കാരായ ചില സ്ത്രീകൾ ജോലി സമയത്ത് സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിക്കുന്നത് കാണുന്നു. എന്താണ് അതിൻെറ വിധി ?.

മറുപടി: പുരുഷന്മാർ കാണത്തക്ക നിലയിലാണ് എങ്കിൽ അനുവദനീയമല്ല. സ്ത്രീകൾ മാത്രം ഉള്ളിടത്താണെങ്കിൽ വിരോധമില്ല. സ്ത്രീകൾ പുരുഷന്മാരുടെ മുന്നിൽ നിഖാബ് കൊണ്ടെങ്കിലും മുഖം മറച്ചിരിക്കൽ നിർബന്ധമാണ്.
അല്ലാഹു പറയുന്നു:

وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ (سورة الأحزاب ٥٣)

"നിങ്ങൾ അവരോട് വല്ലതും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് ഒരു മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊ

ള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും സംശുദ്ധമായിട്ടുള്ളത്.'' (അഹ്സാബ് 53)

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ (سورة النـور ٣١)

''അവരുടെ ഭർത്താക്കൾ, പിതാക്കൾ, ഭർതൃപിതാക്കൾ, അവരുടെ പുത്രന്മാർ, ഭർതൃ പുത്രന്മാർ, അവരുടെ സഹോദരന്മാർ, സഹോദര പുത്രന്മാർ എന്നിവർക്കല്ലാതെ അവരുടെ ഭംഗി അവർ വെളിപ്പെടുത്തരുത്.'' (നൂർ : 31)

മുഖം, തല, കൈകാലുകൾ, മാറ് എന്നിവയെല്ലാം സ്ത്രീകളുടെ സൗന്ദര്യഭാഗങ്ങളാണ്.

## ഭാഗം രണ്ട്

ശൈഖ് ഇബ്നു ബാസ്(റ) അവർകൾ, ഹിജ്റ 27/7/1412 ന് മക്കയിലെ അന്നൂർ ആശുപത്രിയിൽ നടത്തിയ പ്രസംഗാവസാനം നടന്ന സംശയ നിവാരണത്തിലെ ചോദ്യോത്തരങ്ങളാണ് താഴെ ചേർക്കുന്നത്.

**ചോദ്യം : 16. ദന്തരോഗ വിഭാഗത്തിൽ പുരുഷന്മാരായ ഡോക്ടർമാർ ഉണ്ടായിരിക്കെ ലേഡീ ഡോക്ടർമാർ പുരുഷന്മാരെ ചികിൽസിക്കൽ അനുവദനീയമാണോ ? ഇതിനെക്കുറിച്ച് എന്താണ് താങ്കളുടെ അഭിപ്രായം ?.**

മറുപടി: ഞങ്ങൾ ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ട ആളുകളോട് ഒരു പാട് ശ്രമം നടത്തിയിട്ടുള്ള ഒരു വിഷയമാണ്. ദന്ത വിഭാഗത്തിലും അതല്ലാത്ത ശാഖകളിലും പുരുഷ വിഭാഗത്തിന് പ്രത്യേക പരിശീലനം നേടിയ പുരുഷ ഡോക്ടർമാരേയും സ്ത്രീ വിഭാഗത്തിന് പരിശീലനം സിദ്ധിച്ച ലേഡീ

ഡോക്ടർ മാരേയും നിയമിക്കേണ്ടതാണ്. അതാണ് ശരിയായ രീതിയും. കാരണം സ്ത്രീ ഔറത്താണ്. അതോടൊപ്പം അല്ലാഹുവിൻെറ പ്രത്യേകം കാരുണ്യം ലഭിച്ചിട്ടില്ലാത്തവർക്ക് സ്ത്രീ ഫിത്നയുമാണ്. വളരെ അനിവാര്യ ഘട്ടങ്ങളിലല്ലാതെ, ഒരു രോഗിയെ പരിശോധിക്കാൻ ഡോക്ടർ ഇല്ലാത്ത അവസരത്തിൽ മാത്രമെ ലേഡീ ഡോക്ടറെ അനുവദിക്കുന്നുള്ളൂ. അതുപോലെ തന്നെ പുരുഷ വിഭാഗം ഡോക്ടർമാർ സത്രീകളെ പരിശോധിക്കുക എന്നതും.
അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക:

وَقَدْ فَصَّلَ لَكُم مَّا حَرَّمَ عَلَيْكُمْ إِلاَّ مَا اضْطُرِرْتُمْ إِلَيْهِ (سورة الأنعام ١١٩)

"നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്ക് വ്യക്തമാക്കിത്തന്നിട്ടുണ്ട്; നിങ്ങൾ നിർബന്ധിതരായാലൊഴികെ. (നിങ്ങൾ അത് പാലിക്കുക തന്നെവേണം)" (അൻആം 119)
നിർബന്ധ സാഹചര്യങ്ങളിലല്ലാത്ത അവസരങ്ങളിൽ പുരുഷ വിഭാഗത്തിന് പുരുഷന്മാരായ ഡോക്ടർമാരും, സ്ത്രീ വിഭാഗത്തിന് ലേഡീ ഡോക്ടർമാരും ആകുന്ന വിധം പ്രത്യേകം വിഭാഗങ്ങൾ ആയി വേർ തിരിക്കപ്പെടുക തന്നെ വേണം. സ്ത്രീകൾക്കും പുരുഷന്മാർക്കും വേറെ വേറെ ആശുപത്രികൾ തന്നെ സ്ഥാപിച്ച്, അനാരോഗ്യകരമായ നിലക്കുള്ള ഇടകലരലും അതുമൂലം ഉണ്ടാകാൻ ഇടയുള്ള ഫിത്നകളും ഒഴിവാക്കാൻ കഴിഞ്ഞാൽ വളരെ നല്ലതുമാണ്. ഇത് എല്ലാ മേഖലകളിലും നടപ്പാക്കേണ്ടതുമാണ്.

ചോദ്യം: 17. ഞാൻ ഒരു ഡോക്ടറാണ്. എനിക്ക് ഉപരി പഠന ആവശ്യാർത്ഥം സൗദിഅറേബ്യക്ക് പുറത്ത് പോകാൻ നിയമനം ലഭിച്ചിരിക്കുകയാണ്. എന്നാൽ എൻെറ ഭാര്യ അതിന് തടസ്സം നിൽക്കുകയാണ്. അത് അനിസ്ലാമിക രാജ്യ

മാണ്. എങ്ങിനെ അവിടെ ഇസ്ലാമിക വേഷം ധരിച്ച് ഞാൻ കഴിയും എന്നാണ് അവൾ കാരണമായി പറയുന്നത്. അവിടെ ഏത് നിലക്കുള്ള വേഷമാണ് സ്വീകരിക്കേണ്ടത് ?. മുഖം പുറത്ത് കാണുക എന്നത് നിഷിദ്ധം തന്നെയാണോ ? അത് എല്ലാ നാടുകളിലും പാലിക്കേണ്ടതായ അടിസ്ഥാന വിഷയമാണോ ?

മറുപടി: ശരിയായ പർദ്ദ സ്വീകരിച്ച് ശരീരം മുഴുവനും മറക്കൽ ഒരു വിശ്വാസിനിക്ക് നിർബന്ധമാണ്. മുഖവും ശരീരത്തിൻെറ മററു ഭാഗങ്ങളും പുറത്ത് കാണിക്കുക എന്നത് ഫിത്നയാണ്.

അല്ലാഹു പറയുന്നു;

وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ( سورة الأحزاب ٥٣)

"നിങ്ങൾ അവരോട് വല്ലതും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് ഒരു മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും സംശുദ്ധമായിട്ടുള്ളത്." (അഹ്സാബ് 53)
ഇവിടെ ഹിജാബ് (പർദ്ദ) സ്വീകരിക്കൽ ഹൃദയങ്ങൾക്ക് നല്ലതാണ് എന്ന് പറയുമ്പോൾ പർദ്ദ ഉപേക്ഷിക്കൽ അപകടവുമായിരിക്കും എന്ന് വ്യക്തമാണ്.

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَلِكَ أَدْنَى أَن يُعْرَفْنَ فَلَا يُؤْذَيْنَ (سورة الأحزاب ٥٩)

"നബിയേ, താങ്കളുടെ പത്നിമാരോടും പുത്രിമാരോടും, സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അ

താണ് അവർ തിരിച്ചറിയപ്പെടാനും ഉപദ്രവിക്കപ്പെടാതിരിക്കാനും ഏററവും അനുയോജ്യമായത്.'' (അഹ്സാബ് 59)

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ ( سورة النور ٣١ )

''അവരുടെ ഭർത്താക്കൾ, പിതാക്കൾ, ഭർതൃപിതാക്കൾ, അവരുടെ പുത്രന്മാർ, ഭർതൃ പുത്രന്മാർ, അവരുടെ സഹോദരന്മാർ, സഹോദര പുത്രന്മാർ എന്നിവർക്കല്ലാതെ അവരുടെ ഭംഗി അവർ വെളിപ്പെടുത്തരുത്.'' (നൂർ : 31)

അന്യരുടെ മുന്നിൽ മുഖവും, ശരീരഭാഗങ്ങൾ മുഴുവനും മറക്കൽ സ്ത്രീകൾക്ക് നിർബന്ധമാണ്. വിവാഹം നിഷിദ്ധമായ അടുത്ത ബന്ധുക്കളുടെ അടുക്കലല്ലാതിരിക്കുമ്പോഴെല്ലാം ഇത് പാലിക്കേണ്ടതാണ്. മേൽ പറഞ്ഞ ആയത്തുകളെല്ലാം അതാണ് വ്യക്തമാക്കുന്നത്. മുഖം ഏററവും അഴകുള്ള ഭാഗമായതിനാൽ അത് പ്രദർശിപ്പിക്കൽ ഫിത്നതന്നെയാണ്. എന്നാൽ കണ്ണുകളുടെ ഭാഗങ്ങൾ പുറത്ത് കാണുന്ന വിധമുള്ള നിഖാബ് വേണമെങ്കിൽ സ്വീകരിക്കുന്നതിന് വിരോധമില്ല. ഒരു വിശ്വാസിയുടെ മുന്നിൽ തന്നെ മറച്ചിരിക്കണം എന്ന് ഇസ്ലാം കൽപ്പിക്കുമ്പോൾ അവിശ്വാസികളുടെ മുന്നിൽ മറക്കൽ ഏററവും അനിവാര്യമാണ്. അവർ അതിനെ അൽഭുതത്തോടെ കാണുന്നുവെങ്കിൽ നിങ്ങൾ അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കുക; ഇതാണ് ഇസ്ലാം സ്ത്രീകൾക്ക് നിശ്ചയിട്ടുള്ള വസ്ത്രധാരണ രീതി എന്ന്.

**ചോദ്യം: 18. വൈദ്യ ശാസ്ത്ര സംബന്ധമായ കാരണത്താൽ ഗർഭനിരോധനമാർഗ്ഗമായി ഗർഭപാത്രം നീക്കം ചെയ്തു വന്ധ്യത സ്വീകരിക്കുന്നതിൻെറ ഇസ്ലാമിക വിധി എന്താ**

ണ് ?. ഇന്ന് വൈദ്യശാസ്ത്രവും അത് ശരി വെച്ചുകൊണ്ടിരിക്കുകയാണ്.

മറുപടി: അത് ഒരു നിർബന്ധ സാചര്യത്തിലാണെങ്കിൽ തെറ്റില്ല. അല്ലാത്ത പക്ഷം അത് സ്വീകരിക്കാൻ പാടില്ല, അത് വർജ്ജിക്കേണ്ടതാണ്. കാരണം മതം അഭികാമ്യമായി കാണുന്നത് സന്താന വർദ്ധനവിനെയാണ്. സമുദായ ആധിക്യത്തിനായി അതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് നിർദ്ദേശങ്ങളുമുണ്ട്. എന്നാൽ എന്തെങ്കിലും വിഷമങ്ങൾ നേരിടുന്ന സന്ദർഭങ്ങളിൽ വിരോധിക്കുന്നുമില്ല. അപ്രകാരം തന്നെയാണ് താൽക്കാലിക ഗർഭനിരോധനമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന്റേയും മതവിധി.

ചോദ്യം: 19. ഗർഭധാരണം നടന്നതിന് ശേഷം കുഞ്ഞിന് എന്തെങ്കിലും നിലക്കുള്ള വൈകല്യമോ, അതല്ലെങ്കിൽ മറെറന്തെങ്കിലും നിലക്കുള്ള പ്രയാസങ്ങൾ ഗർഭകാലത്ത് നേരിടേണ്ടതായി വരുമെന്നോ വ്യക്തമായാൽ ഗർഭവളർച്ചക്ക് ഇടം കൊടുക്കാതെ ഗർഭം അലസിപ്പിക്കാൻ മതം അനുവദിക്കുന്നുണ്ടോ ?.

മറുപടി: അനുവദനീയമല്ല; അത് ഉപേക്ഷിക്കൽ നിർബന്ധമാണ്. ചിലപ്പോൾ അല്ലാഹു അതിന് മാററം വരുത്തിയേക്കാം. ഡോക്ടർമാരുടെ വാക്കുകൾ അനുമാനങ്ങളും തോന്നലുകളുമായേക്കും. അത്തരം അനുമാനങ്ങളെ അല്ലാഹു തെററിക്കുകയും കുട്ടി കേടുപാടുകൾ കൂടാതെ പ്രസവിക്കപ്പെടുകയും ഉണ്ടാകാവുന്നതാണ്. ഡോക്ടർമാർ വൈകല്യം ഉണ്ടാകും എന്ന് പറഞ്ഞതുകൊണ്ട് ഗർഭം അലസിപ്പിക്കാൻ പാടില്ല. അല്ലാഹു മനുഷ്യനെ സന്തോഷവും ദു:ഖവും നൽകി പരീക്ഷിക്കുന്നതാണ്. കുഞ്ഞ് വൈകല്യമുള്ളതാണെങ്കിലും അല്ലാഹുവിനെ സ്തുതിക്കുക തന്നെ. മാതാ

പിതാക്കൾക്ക് ആ കുട്ടിയെ വളർത്തുന്നതിലും അതിൻെറ പേരിൽ ക്ഷമിക്കുന്നതിലുമെല്ലാം മഹത്തായ പ്രതിഫലം അല്ലാഹു നൽകുന്നതാണ്. ഇനി അതല്ലെങ്കിൽ വികലാംഗരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനായി ഭരണകൂടം ഏർപ്പെടുത്തിയിട്ടുള്ള പുനരധിവാസ വിഭാഗത്തിനെ ഏൽപ്പിക്കുന്നതിനും വിരോധമില്ല. തന്നെയുമല്ല ഒരു പക്ഷേ അഞ്ചോ ആറോ മാസം പിന്നിട്ടു കഴിഞ്ഞാൽ കാര്യങ്ങളിൽ മാററം വരികയും നേരത്തെ കണ്ടിരുന്ന വൈകല്യത്തിനുള്ള കാരണങ്ങൾ നീങ്ങി കുട്ടി നല്ല രൂപത്തിൽ തന്നെ പ്രസവിക്കപ്പെടുകയും ചെയ്തേക്കാവുന്നതാണ്.

ചോദ്യം: 20. നപുംസകങ്ങളോട് അവർ സ്ത്രീയാണോ പുരുഷനാണോ എന്ന് വ്യക്തമാകാത്ത സ്ഥിതിക്ക് അവരെ സ്ത്രീകളെ പോലെ കണക്കാക്കി പെരുമാറുന്നത് ശരിയാണോ ?. അങ്ങിനെയാണെങ്കിൽ സ്ത്രീകളോട് ബന്ധപ്പെട്ട ആർത്തവ കാലം അവസാനിക്കുക പോലുള്ള എല്ലാ കാര്യങ്ങളും കണക്കാക്കപ്പെടേണ്ടതുണ്ടോ ?

മറുപടി: നപുംസകങ്ങളുടെ കാര്യത്തിൽ വിശദീകരണം ആവശ്യമാണ്. അവർ പ്രായപൂർത്തിയാകുന്നതിന് മുമ്പ് ആണാണോ പെണ്ണാണോ എന്ന കാര്യം വ്യക്തമല്ലാത്ത അവസ്ഥയിലായിരിക്കും. പലപ്പോഴും അവരിൽ പുരുഷ ലിംഗവും സ്ത്രീ ലിംഗവും കാണപ്പെട്ടേക്കും. എന്നാൽ പ്രായപൂർത്തിയാകുന്നതോടെ അധിക പക്ഷവും ആണാണോ പെണ്ണാണോ എന്നത് വ്യക്തമാവുകയും ചെയ്യും. പ്രായപൂർത്തിയാകുന്നതോടെ സ്തനങ്ങളുടെ വളർച്ച, പുരുഷന്മാരിൽ നിന്നും വ്യത്യസ്തമായി ആർത്തവം, സ്ത്രീ ലിംഗത്തിലൂടെ മൂത്രം പുറത്ത് പോകൽ എന്നിവ പ്രകടമായാൽ സ്ത്രീയാണ് എന്ന് തീരുമാനത്തിലെത്തുകയും പുരുഷ ലിം

ഗമോ മററോ അവശേഷിക്കുന്നുവെങ്കിൽ ചികിൽസയിലൂടെ നീക്കുകയും ചെയ്യാം. അതുപോലെ സ്ത്രീയിൽ നിന്നും വ്യത്യസ്തമായി താടിരോമങ്ങളും മററും മുളക്കൽ ലിംഗത്തിലൂടെ മൂത്രമൊഴിക്കൽ തുടങ്ങിയ അടയാളങ്ങൾ പ്രകടമായാൽ പുരുഷനാണ് എന്ന് കണക്കാക്കി പെരുമാറാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ നിലക്കുള്ള അടയാളങ്ങൾ പ്രകടമാകുന്നത് വരെ അവരുടെ വിഷയത്തിൽ വിധി നടപ്പാക്കുന്നത് നിർത്തിവെക്കേണ്ടതുമാണ്. അവർ ആണാണോ പെണ്ണാണോ എന്ന് വ്യക്തമാകുന്നത് വരെ അവർ വിവാഹത്തിലേർപ്പെടാനും പാടില്ലാത്തതാണ്. പ്രായപൂർത്തിയായതിന് ശേഷം കാര്യങ്ങൾ വ്യക്തമായാൽ പണ്ഡിതന്മാരുടെ തീരുമാനത്തിനനുസരിച്ച് ആവുകയും ചെയ്യാവുന്നതാണ്.

ചോദ്യം: 21. മനുഷ്യ ശരീരത്തിൽ, അധികവും അസാധാരണമായി കാണപ്പെടാറുള്ള വിരൽ പോലുള്ള അവയവങ്ങളുടെ വിധിയെന്താണ്. അത് നീക്കം ചെയ്യുകയാണ് എങ്കിൽ മുസ്‌ലിം ശ്മശാനത്തിൽ തന്നെ സംസ്കരിക്കേണ്ടതുണ്ടോ അതോ മററ് ആവശ്യമില്ലാത്ത വസ്തുക്കളെപ്പോലെ വലിച്ചെറിയാമോ ?.

മറുപടി: ഇക്കാര്യം വളരെ വിശാലമായതാണ്. അതിന് മനുഷ്യൻെറ സ്ഥാനമൊന്നും കൽപ്പിക്കേണ്ടതില്ല. മററ് അവശിഷ്ടങ്ങൾ വലിച്ചെറിയുന്ന കൂട്ടത്തിൽ ഒഴിവാക്കുകയോ, അതല്ലെങ്കിൽ വൃത്തിയുള്ള ഒരിടത്ത് കുഴിച്ചുമൂടുകയോ ചെയ്യാവുന്നതാണ്. അങ്ങിനെ കുഴിച്ചുമൂടുന്നതാണ് നല്ലത്. അങ്ങിനെ ചെയ്യാതിരുന്നാൽ കുററമൊന്നുമില്ല; അതാണ് കാര്യം വിശാലമായതാണ് എന്ന് നാം പറഞ്ഞത് കൊണ്ടുള്ള ഉദ്ദേശ്യം. നാല് മാസം വളർച്ചയെത്തിയ ഗർഭസ്ഥ ശിശുവ

ല്ലാത്ത ഒന്നും കുളിപ്പിക്കലും മറവുചെയ്യലും നിർബന്ധ മില്ല. ആത്മാവ് നൽകപ്പെടാത്ത മാംസപിണ്ഢം വിരലി ൻെറ ഒരു കഷ്ണം എന്നത്പോലുള്ള വിഷയത്തിൽ നമ്മു ടെ ഇഷ്ടം പോലെ പ്രവർത്തിക്കാവുന്നതാണ്. എന്നാൽ അ വയും നല്ല സ്ഥലത്ത് കുഴിച്ചുമൂടുക എന്നതാണ് നല്ലതും ഉ ത്തമവുമായ രീതി.

ചോദ്യം: 22. മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവക്ക് അടി മപ്പെട്ട ചില രോഗികളെ ചികിൽസിക്കുന്ന അവസരങ്ങളിൽ അവർ അതോടൊപ്പം പ്രവർത്തിച്ചിരുന്ന വ്യഭിചാരം, സ്വവർ ഗ്ഗരതി എന്നീ കുററകൃത്യങ്ങളെ സംബന്ധിച്ച് എന്നോട് ചോദിക്കുന്നു. അത്തരം തെററുകളെ സംബന്ധിച്ച് ഞാൻ അവരെ ബോധവൽക്കരിക്കേണ്ടതുണ്ടോ ?

മറുപടി: നിങ്ങൾ അവരെ ഉപദേശിക്കുതന്നെ വേണം. അവ രെ ഉപദേശിക്കുകയും മേൽ പറഞ്ഞ നിലക്കുള്ള എല്ലാ തെ ററുകളിൽ നിന്നും പശ്ചാത്തപിക്കുവാൻ അവരെ പ്രേരിപ്പി ക്കുകയും ചെയ്യണം. അതോടൊപ്പം അവ ജനങ്ങളിൽ നി ന്നും മറച്ചുവെക്കാനും അവർ വഷളാക്കപ്പെടാതിരിക്കുവാ നും പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്. നിങ്ങളുടെ ഉപദേശ ത്തിലൂടെ അവർ അല്ലാഹുവിനേയും റസൂലിനേയും അനു സരിച്ച് ജീവിക്കുവാൻ സഹായകമായിത്തീരണം. എത്ര തെ ററുകൾ പ്രവർത്തിച്ച വ്യക്തിയാണെങ്കിലും അല്ലാഹുവി നോട് പശ്ചാത്തപിച്ചാൽ അവരുടെ പശ്ചാത്താപം അവൻ സ്വീകരിക്കുന്നതാണ് എന്നും ഇനി ഒരിക്കലും മേൽ പറ ഞ്ഞ നിലക്കുള്ള തെററുകൾ ആവർത്തിക്കരുതെന്നും അവ രെ പ്രത്യേകം അറിയിക്കുകയും ചെയ്യുക.

പരസ്പരം ഉപദേശിക്കൽ വിശ്വാസികളുടെ ബാധ്യതയിൽ പെട്ട കാര്യമാണ്. ഇക്കാര്യം താഴെ പറയുന്ന ആയത്തുകളി ലൂടെ മനസ്സിലാക്കാവുന്നതാണ്.

وَالْمُؤْمِنُونَ وَالْمُؤْمِنَاتُ بَعْضُهُمْ أَوْلِيَاءُ بَعْضٍ يَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ (سورة التوبة ٧١)

''സത്യവിശ്വാസികളും വിശ്വാസിനികളും അന്യോന്യം മിത്ര ങ്ങളാകുന്നു. അവർ സദാചാരം കൽപ്പിക്കുകയും ദുരാചാര ത്തിൽ നിന്നും വിലക്കുകയും ചെയ്യുന്നു.'' (തൗബ: 71)

وَالْعَصْرِ إِنَّ الْإِنسَانَ لَفِي خُسْرٍ إِلاَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ ( سورة العصر)

''കാലം തന്നെയാണെ സത്യം, തീർച്ചയായും മനുഷ്യർ ന ഷ്ടത്തിൽ തന്നെയാകുന്നു. വിശ്വസിക്കുകയും സൽക്കർമ്മ ങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ അ ന്യോന്യം ഉപദേശിക്കുകയും, ക്ഷമ കൈക്കൊള്ളാൻ അ ന്യോന്യം ഉപദേശിക്കുകയും ചെയ്തവനൊഴികെ.'' (സൂറ: അസ്ർ)

ഇക്കാര്യത്തിൻെറ ഗൗരവം ഹദീസുകളും വ്യക്തമാക്കുന്നു ണ്ട്:

الدِّينُ النَّصِيحَةُ (مسلم)

''മതം ഗുണകാംക്ഷയാണ്'' (മുസ്ലിം)

مَنْ سَتَرَ مُسْلِمًا سَتَرَهُ اللهُ فِي الدُّنْيَا والآخِرَةِ (مسلم)

"വല്ലവനും ഒരു മുസ്ലിമിൻെറ ന്യൂനതകൾ മറച്ചുവെച്ചാൽ അല്ലാഹു ഇഹത്തിലും പരത്തിലും അവൻെറ ന്യൂനതകൾ മറച്ചുവെക്കുന്നതാണ്." (മുസ്ലിം)

**ചോദ്യം: 23. എയിഡ്സ് ബാധിച്ച ഒരു രോഗി, അയാളുടെ ആയുസ്സ് എണ്ണപ്പെട്ടു കഴിഞ്ഞിരിക്കുന്നു; എന്ന് ഡോക്ടർമാർ സ്ഥിരീകരിക്കുകയും ചെയ്തുകഴിഞ്ഞു. ഈ സാഹചര്യത്തിൽ അയാൾ പശ്ചാത്തപിക്കുകയാണെങ്കിൽ അതിൻെറ വിധി എന്തായിരിക്കും ?**

**മറുപടി:** അയാൾ എത്രയും പെട്ടെന്ന് പശ്ചാത്തപിക്കട്ടെ. മരണ അവസരത്തിലാണ് എങ്കിലും അയാൾ പശ്ചാത്തപിച്ചു കൊള്ളട്ടെ. പശ്ചാത്താപത്തിൻെറ കവാടം അയാൾക്ക് ബോധം നിലനിൽക്കുന്ന അത്രയും സമയം തുറന്ന് വെക്കപ്പെട്ടത്തന്നെയാണ്. ആയുസ്സ് അല്ലാഹുവിൻെറ കൈകളിലാണ്. ഡോക്ടർമാർ മരണം വിധി എഴുതിയിട്ടുണ്ടെങ്കിലും അവരുടെ കണക്ക്കൂട്ടൽ തെററാവുകയും ചിലപ്പോൾ ദീർഘകാലം ഇനിയും ജീവിക്കുകയും ചെയ്തേക്കാം. എല്ലാററിനും ഓരോ കണക്കുണ്ട്. എങ്കിലും പശ്ചാത്താപത്തിലേക്ക് മുന്നേറുകയും അതിൽ വിശ്വസിക്കുകയും ചെയ്യൽ നിർബന്ധമാണ്; അല്ലാഹു പശ്ചാത്താപം സ്വീകരിച്ചേക്കും.

وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ (سورة النـور ٣١)

"സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം." (നൂർ: 31)

وَإِنِّي لَغَفَّارٌ لِّمَن تَابَ وَآمَنَ وَعَمِلَ صَالِحًا ثُمَّ اهْتَدَى (سورة طـه ٨٢)

"പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമ്മം പ്രവർത്തിക്കുകയും, പിന്നെ നേർമാർഗ്ഗത്തിൽ നിലകൊള്ളു

കയും ചെയ്തവർക്ക് തീർച്ചയായും ഞാൻ ഏറെ പൊറു ത്തുകൊടുക്കുന്നവനത്രെ.''(ത്വാഹ: 82)

إنَّ اللهَ يَقْبَلُ تَوْبَةَ الْعَبْدِ مَا لَمْ يُغَرْغِرْ (أحمد، وابن ماجه)

''റൂഹ് (ആത്മാവ്) തൊണ്ടക്കുഴിയിൽ എത്തുന്നത് വരെ ഒ രു ദാസൻെറ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതാ ണ്''(അഹ്മദ്, ഇബ്നുമാജ). എന്ന ഹദീസ്കൊണ്ട് ഉദ്ദേശി ക്കുന്നത് ഒരാളുടെ ബോധം നഷ്ടപ്പെടുക എന്നതാണ്.

ചോദ്യം : 24. ചില ഉദ്യോഗസ്ഥന്മാർ ജോലി സമയം മററ് ചില വ്യക്തിപരമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കു ന്നു. അതിനായി അവർ ചിലപ്പോൾ എന്തെങ്കിലും കാരണ ങ്ങൾ ഉണ്ടാക്കി മേലധികാരികളുടെ മുന്നിൽ ബോധിപ്പിച്ച് അനുമതി വാങ്ങിക്കുകയും ചെയ്യും; മേലധികാരികൾ അവ ർക്ക് മുന്നിൽ സമർപ്പിച്ച കാരണങ്ങൾ സത്യമല്ല എന്ന് അറി ഞ്ഞിട്ടും പലപ്പോഴും അനുമതി നൽകുകയും ചെയ്തുവരു ന്നു. ഇത് കുററകരമാകുമോ ?.

മറുപടി: ശരിയല്ല എന്ന് അറിഞ്ഞുകൊണ്ട്, ചോദ്യത്തിൽ പ റഞ്ഞതായ വിഷയങ്ങൾക്ക് അനുമതി നൽകൽ മേലധികാ രികൾക്ക് പാടില്ലാത്തതാണ്. എന്നാൽ തൻെറ കീഴിലുള്ള ഒ രു ഉദ്യോഗസ്ഥന് നിർബന്ധ സാഹചര്യത്തിൽ അയാൾ നി ർവ്വഹിച്ചുകൊണ്ടിരിക്കുന്ന ജോലിക്ക് തടസ്സമാകാത്ത നില ക്ക് അത്യാവശ്യ ഘട്ടത്തിൽ പുറത്ത് പോകാൻ അനുവാദം ചോദിച്ചാൽ അനുവദിക്കുന്നതിൽ തകരാറൊന്നുമില്ല. ത ൻെറ മുന്നിൽ ബോധിപ്പിച്ച കാരണങ്ങൾ കളവാണ് എന്ന് അറിഞ്ഞുകൊണ്ട് അതിന് കൂട്ടുനിന്ന് അനുവാദം നൽകാൻ പാടില്ല. കാരണം അത് തൻെറ ഉത്തരവാദിത്വത്തിൽ വഞ്ചന

കാണിക്കലും മുസ്ലിംകളോടും തന്നെ വിശ്വസിച്ചേൽപ്പിച്ചവരോടുമുള്ള അവഹേളനവുമാണ്.

നബി(സ)യുടെ ഒരു വചനം അത്തരക്കാർ ഓർക്കുന്നത് നന്നായിരിക്കും.

كُلُّكُمْ رَاعٍ وَكُلُّكُمْ مَسْؤُولٌ عَنْ رَعِيَّتِهِ (البخاري)

"നിങ്ങൾ ഓരോരുത്തരും ഭരണകർത്താക്കളാണ്. തങ്ങളുടെ ഭരണീയരെ സംബന്ധിച്ച് നിങ്ങൾ ചോദിക്കപ്പെടുകയും ചെയ്യും" (ബുഖാരി)

അപ്രകാരം തന്നെ വിശ്വസ്തത എന്നത് മുഅ്മിനുകളുടെ സ്വഭാവഗുണമായാണ് അല്ലാഹു അറിയിച്ചിട്ടുള്ളത്.

إِنَّ اللَّهَ يَأْمُرُكُمْ أَن تُؤَدُّوا الأَمَانَاتِ إِلَى أَهْلِهَا( سورة النساء ٥٨)

"വിശ്വസിച്ചേൽപ്പിക്കപ്പെട്ട അമാനത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തുവീട്ടണമെന്ന് അല്ലാഹു നിങ്ങളോട് കൽപ്പിക്കുന്നു." (നിസാഅ്: 58)

وَالَّذِينَ هُمْ لِأَمَانَاتِهِمْ وَعَهْدِهِمْ رَاعُونَ (سورة المؤمنون ٨)

"തങ്ങളുടെ അമാനത്തുകളും കരാറുകളും പാലിക്കുന്നവരുമാണ് അവർ" (മുഅ്മിനൂൻ: 8)

يَا أَيُّهَا الَّذِينَ آمَنُوا لَا تَخُونُوا اللَّهَ وَالرَّسُولَ وَتَخُونُوا أَمَانَاتِكُمْ وَأَنتُمْ تَعْلَمُونَ ( سورة الأنفال ٢٧)

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചന കാണിക്കരുത്. നിങ്ങളെ വിശ്വസിച്ചേൽപ്പിച്ച കാര്യങ്ങളിലും (അമാനത്തുകളിലും) നിങ്ങൾ വഞ്ചനകാണിക്കരുത്." (അൻഫാൽ : 27)

**ചോദ്യം: 25. ആശുപത്രികളിൽ രോഗികൾക്കായി ക്രമീകരിച്ചിട്ടുള്ള ബെഡ്ഡുകൾ ഖിബ്‌ലക്ക് അഭിമുഖമായിട്ടല്ലാതെ ക്രമീകരിച്ചിട്ടുള്ളതിനാൽ രോഗികളിൽ ചിലരെങ്കിലും ഖിബ്‌ലക്ക് അഭിമുഖമായിട്ടല്ലാതെ മരണപ്പെട്ടുപോകുന്നു. ഇതിലെന്തെങ്കിലും അസാംഗത്യമുണ്ടോ ?.**

**മറുപടി : യാതൊരു പ്രശ്നവുമില്ല. രോഗികളെ സാധിക്കുമെങ്കിൽ മരണം ആസന്നമാകുന്ന സമയത്ത് ഖിബ്‌ലക്ക് അഭിമുഖമായി കിടത്തൽ സുന്നത്താണ്. എന്നാൽ അതിന് കഴിഞ്ഞില്ലെങ്കിൽ പ്രശ്നമൊന്നുമില്ല.**

**ചോദ്യം: 26. ആശുപത്രികളോട് ചേർന്നുള്ള ഫാർമസികളിൽ സൗജന്യ വിതരണത്തിനായി ഏൽപ്പിച്ചിട്ടുള്ള മരുന്നുകൾ ഫാർമസിസ്ററുകളിൽ ചിലർ സ്വന്തം ആവശ്യത്തിനോ അതല്ലെങ്കിൽ മററ് ഏതെങ്കിലും ആശുപത്രികളിലെ രോഗികൾക്കോ എടുത്ത് വിനിയോഗിക്കുന്നതിൽ തെററുണ്ടോ ?.**

**മറുപടി : ഓരോ വിഷയത്തിലും പാലിക്കപ്പെടാൻ പ്രത്യേകം നിയമങ്ങൾ ഉണ്ടായിരിക്കും അത് പാലിക്കേണ്ടതുമാണ്. ചോദ്യത്തിൽ പരാമർശിച്ച ഫാർമസികൾ നിശ്ചിത ആശുപത്രികളുടെ ആവശ്യത്തിന് മാത്രമുള്ളതാണ് എങ്കിൽ അത് മററ് ആശുപത്രികൾക്കോ, രോഗികൾ അല്ലാത്തവർക്കോ, അതുമായി ബന്ധപ്പെടുന്ന ആളുകൾക്കോ വിനിയോഗിക്കാതിരിക്കുകയാണ് വേണ്ടത്. ഓരോ ആശുപത്രിയോട് ചേർന്നും ഫാർമസികൾ ഉണ്ടായിരിക്കും അവക്കെല്ലാം ഗവൺമെൻറ് നിശ്ചയിക്കുന്ന ചട്ടങ്ങളുമുണ്ടായിരിക്കും. അതുകൊണ്ട് അവ നിർദ്ദേശിക്കപ്പെടുന്നതിന് അപ്പുറമുള്ള ആവശ്യങ്ങൾക്ക് പുറത്ത് കൊണ്ടുപോകാതിരിക്കേണ്ടതാണ്. നിർദ്ദേശിക്കപ്പെട്ട ആശുപത്രിയുടെ ആവശ്യങ്ങൾക്ക് അല്ലാതെയും അവയിലെ മരുന്നുകൾ വിനിയോഗിക്കാൻ ആരോഗ്യമന്ത്രാല**

യം പ്രത്യേകം അനുമതി നൽകപ്പെട്ട വ്യവസ്ഥകളുള്ളതാണെങ്കിൽ അധികാരികളുടെ ഇഷ്ടമനുസരിച്ച് ചിലവഴിക്കുന്നതിൽ വിരോധമില്ല. അല്ലാത്തപക്ഷം നിയമങ്ങൾ പാലിക്കലും തന്നിഷ്ടം പ്രവർത്തിക്കാതിരിക്കലും നിർബന്ധമാണ്.

ചോദ്യം : 27. ബാങ്ക് കേട്ടിട്ടും പള്ളിയിൽ പോകാതെ പതിവായി ജോലി സ്ഥലത്ത് വെച്ചോ വീട്ടിൽ വെച്ചോ മാത്രം നമസ്കരിക്കുന്നവന്റെ വിധി എന്താണ് ?.

മറുപടി: അത് അനുവദനീയമല്ല. അവൻ നിർബന്ധമായും ബാങ്കിന് ഉത്തരം ചെയ്യേണ്ടതുണ്ട്. ഇക്കാര്യം നബി(സ) വ്യക്തമാക്കിയിട്ടുണ്ട്.

مَنْ سَمِعَ النِّدَاءَ فَلَمْ يَأْتِ فَلا صَلاةَ لَهُ إلاَّ مِنْ عُذْرٍ (ابن ماجه، دارقطني، ابن حبان، حاكم)

"വല്ലവനും ബാങ്ക് കേൾക്കുകയും കാരണം കൂടാതെ, നമസ്കാരത്തിന് എത്താതിരിക്കുകയും ചെയ്താൽ അവന് നമസ്കാരമില്ല." (ഇബ്നുമാജ, ദാറഖുത്നി, ഇബ്നു ഹിബ്ബാൻ, ഹാകിം)

ഇബ്നു അബ്ബാസ്(റ) വിനോട് ഹദീസിൽ പറഞ്ഞ കാരണം കൂടാതെ എന്നതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ "ഭയവും രോഗവുമാണ്" അതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നാണ് പറഞ്ഞത്. നബി(സ)യുടെ അടുക്കൽ അന്ധനായ ഒരാൾ വന്ന് പറഞ്ഞ സംഭവം ശ്രദ്ധിക്കുക.

"നബിയേ, എന്നെ പള്ളിയിലേക്ക് കൊണ്ടുവരാൻ ആരുമില്ല. എനിക്ക് വീട്ടിൽ വെച്ച് നമസ്കരിക്കാൻ ഇളവ്ഉണ്ടോ ?. നബി(സ) ചോദിച്ചു: താങ്കൾ ബാങ്ക് കേൾക്കുമോ ? അദ്ദേഹം, അതെ. ബാങ്ക് കേൾക്കും എന്ന് പറഞ്ഞപ്പോൾ എങ്കിൽ താങ്കൾ അതിന് ഉത്തരം നൽകുക തന്നെവേണം" എന്നാണ്

നബി(സ) പറഞ്ഞത്. (മുസ്ലിം). നോക്കൂ, അന്ധനായ വ്യക്തിക്ക് അതും പള്ളിയിലേക്ക് കൈ പിടിച്ചു കൊണ്ടുവരാൻ ആളില്ലാത്ത അവസ്ഥയിൽ പോലും വീട്ടിൽ വെച്ച് നമസ്കരിക്കാൻ ഇളവില്ല; എങ്കിൽ കണ്ണുള്ള ആരോഗ്യവാന്മാരുടെ കാര്യം പറയാനുണ്ടോ ?.

അതിനാൽ ഏതൊരു മുസ്ലിമിനും നമസ്കാരം അതാതിന്റെ സമയത്ത് തന്നെ ജമാഅത്തായി നമസ്കരിക്കാൻ ധൃതി കാണിക്കൽ നിർബന്ധമാണ്. ബാങ്ക് കേൾക്കാത്ത വിധം പള്ളി വിദൂരത്താണ് എങ്കിൽ വീട്ടിൽ വെച്ച് നമസ്കരിക്കുന്നതിൽ തെറ്റില്ല. അത്തരം സന്ദർഭങ്ങളിലും ബുദ്ധിമുട്ടുകൾ തരണം ചെയ്ത് അൽപം പ്രയാസം സഹിച്ച് ജമാഅത്തായി നമസ്കരിക്കാനാകുമെങ്കിൽ അതാണ് അവന് ഏററവും ശ്രേഷ്ഠവും ഉത്തമവും.

ചോദ്യം: 28. ആരോഗ്യ വകുപ്പിൽ ചില ജോലിക്കാർ രാത്രികളിൽ പോലും സ്ത്രീകളുമായി കൂടിക്കലരുന്ന വിധം ഡോക്ടർമാരുടെ മുറികളിൽ ജോലിയിൽ കഴിഞ്ഞുകൂടാൻ നിർബന്ധിതരാകുന്നു. ഇത്തരം അവസ്ഥക്ക് നിർബന്ധമായും മാററം വരുത്തണമെന്ന് ഉപദേശിച്ചാൽ ഉത്തരവാദപ്പെട്ടവർ ചെയ്യേണ്ടതാണ് എന്ന് പറഞ്ഞ് ആക്ഷേപം മററുള്ളവരുടെ നേർക്ക് എറിഞ്ഞ് ഒഴിവാകുകയാണ് ചെയ്യുന്നത്. ഈ വിഷയത്തിൽ ആവശ്യമായ ഉപദേശം നൽകിയാൽ നന്നായിരുന്നു.

മറുപടി: വളരെ വിശ്വസ്തരും ഉത്തരവാദിത്വബോധമുള്ളവരുമായ ആളുകൾ കൈകാര്യം ചെയ്യേണ്ടതായ മേഖലയാണത്. ചോദ്യത്തിൽ പറഞ്ഞ പ്രകാരം നൈററ് ഡ്യൂട്ടിക്ക് സ്ത്രീകൾ കൂടി ആവശ്യമായി വരുന്ന രംഗങ്ങളിൽ ഒരു സ്ത്രീ മാത്രം ആകാത്ത വിധം രണ്ടോ അതിലധികമോ ഉ

ള്ള ഒരു കൂട്ടം സ്ത്രീകളെ അവർ മാത്രം ആകുന്ന വിധവും പുരുഷന്മാർക്ക് അവർമാത്രം ആകുന്ന വിധവും നിയമിക്കു കയാണ് വേണ്ടത്. പുരുഷന്മാർക്ക് പുരുഷ വിഭാഗവും സ് ത്രീകൾക്ക് സ്ത്രീ വിഭാഗവും. അന്യ സ്ത്രീയുമായി ഒററ ക്ക് ആകുന്ന വിധം ഒരു പുരുഷനും ആയിത്തീരാൻ പാടി ല്ല. അത് രാത്രിയും പകലും പാടില്ല. അത് ലേഡീ ഡോക് ടറും രോഗിയായ സ്ത്രീയും എല്ലാവരും തുല്യമാണ്. അത് ഡോക്ടറും അല്ലാത്തവരും ആർക്കും അനുവദനീയമല്ല. ഇക്കാര്യം നബി(സ) ഗൗരവപൂർവ്വം വ്യക്തമാക്കിയിട്ടു ള്ള കാര്യമാണ്.

لا يَخْلُوَنَّ رَجُلٌ بِامْرَأَةٍ فَإِنَّ الشَّيْطَانَ ثَالِثُهُمَا ( أحمد )

“ഒരു പുരുഷനും തന്നെ ഒരു സ്ത്രീയുമായി ഒററക്കായി ത്തീരുകയില്ല; പിശാച് മൂന്നാമനായി അവരോടൊപ്പം ഉണ്ടാ യിക്കൊണ്ടല്ലാതെ'' (അഹ്മദ്)

**ചോദ്യം: 29. ചില ഡിപ്പാർട്ടുമെൻറ് മേധാവികൾക്ക് ചിലർ പാരിതോഷികം എന്ന പേരിൽ വിലപിടിപ്പുള്ള വസ്തുക്കൾ സമ്മാനമായി നൽകുന്നു. ഇതിൻെറ ഇസ്ലാമിക വിധി എ ന്താണെന്ന് വ്യക്തമാക്കിയാൽ നന്നായിരുന്നു.**

**മറുപടി : അത് തെററും പല നാശങ്ങൾക്ക് വഴിവെക്കുന്ന തുമാണ്. അത്തരം പാരിതോഷികങ്ങൾ ഒരു കാരണവശാ ലും സ്വീകരിക്കാതിരിക്കലാണ് ഓരോ ഉദ്യോഗസ്ഥ മേധാ വികളും ചെയ്യേണ്ടത്. അത് ഒരു തരത്തിൽ കൈക്കൂലിയും** സോപ്പിംഗിലേക്കും വഞ്ചനയിലേക്കും വഴിവെക്കുന്നതുമാ ണ്. ഇനി സ്വീകരിക്കുകയാണെങ്കിൽ തന്നെ ആശുപത്രിയു ടെ നന്മക്കായി മാത്രം, സ്വന്തം ആവശ്യത്തിനല്ലാതെ സ്വീക രിക്കുകയും, ഇത് ആശുപത്രിയുടെ വികസനത്തിനായാണ് എൻെറ ആവശ്യത്തിനല്ല എന്ന് അവരോട് തുറന്ന് പറയുക

യും വേണം. ഒരു കാരണവശാലും ആശുപത്രിക്ക് വേണ്ടി യും സ്വീകരിക്കാതിരിക്കലാണ് സൂക്ഷ്മതക്ക് നല്ലത്. അത് ചിലപ്പോൾ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്ന അവ സ്ഥയുണ്ടാവുകയും അങ്ങിനെ ദുഷ്പേര് വരുത്തിവെക്കു വാനും ഇടവരുത്തിയേക്കും. അത് നൽകിയ വ്യക്തിക്ക് ത ൻെറ മേൽ പ്രത്യേകം സ്ഥാനമുള്ളതായി വരികയും അത് മററുള്ളവരോടുള്ള പെരുമാററത്തിൽ നിന്നും വ്യത്യസ്തമാ യി അയാളോടുള്ള തൻെറ പെരുമാററത്തിലൂടെ പ്രകടമാവു കയും ചെയ്യും.

നബി(സ)യുടെ കാലത്ത് ചില ആളുകളെ സകാത്ത് സംഭരി ക്കാൻ നിയോഗിക്കുകയും അവർ തിരിച്ചുവന്ന് പറഞ്ഞ ഒ രു സംഭവം ശ്രദ്ധിക്കുക: ഇത് സക്കാത്തിൻെറ ഇനത്തിൽ കിട്ടിയതാണ്; എന്ന് പറഞ്ഞ് ബൈത്തുൽമാലിൽ ഏൽപ്പി ക്കുകയും മറെറാരു വിഹിതം, ഇത് എനിക്ക് പാരിതോഷി കമായി ലഭിച്ചതാണെന്ന് പറഞ്ഞ് മാററിവെക്കുകയും ചെയ് തു. അന്നേരം നബി(സ) ജനങ്ങളോടായി പറഞ്ഞത് ശ്രദ്ധി ക്കുക:

ما بَالُ الرَّجُلِ مِنكُمْ نَستَعمِلُهُ على امرٍ مِنْ امْرِ اللهِ فَيَقُولُ هذا لَكُمْ وهذا أُهْدِيَ إِلَيَّ ألا جلس في بيتِ أبيه أوْ بيتِ أمِّه فَيَنْظُرُ هَلْ يُهْدَى إِلَيه (مسلم)

“നിങ്ങളിൽ ചിലരുടെ കാര്യം വല്ലാത്ത അൽഭുതം തന്നെ ! അവരെ നാം അല്ലാഹുവിൻെറ കാര്യത്തിൽ പെട്ട ചില കാ ര്യത്തിന് ചുമതലപ്പെടുത്തുന്നു; അങ്ങിനെ അവർ പറയു ന്നു: ഇത് നിങ്ങൾക്കുള്ള വിഹിതമാണ്, ഇത് എനിക്ക് പാരി തോഷികമായി കിട്ടിയതുമാണ്. അവർ അവരുടെ ഉപ്പയുടേ യോ ഉമ്മയുടേയോ വീട്ടിൽ ഇരിക്കട്ടെ; എന്നിട്ട് അവർക്ക് പാരിതോഷികം കിട്ടുമോ എന്ന് നോക്കട്ടെ.” (മുസ്ലിം)

മുകളിൽ പറഞ്ഞ സംഭവം സൂചിപ്പിക്കുന്നത്: ഏതൊരു ഉദ്യോഗസ്ഥനും തന്നെ ഭരണകൂടം ചുമതലപ്പെടുത്തിയ ജോലി നിർവ്വഹിക്കുന്നതോടൊപ്പം ജോലിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പാരിതോഷികങ്ങൾ താൻ എടുക്കാതിരിക്കുക എന്നതും നിർബന്ധമാണ് എന്നാണ്. അങ്ങിനെ തനിക്ക് വല്ലതും ലഭിക്കുകയാണ് എങ്കിൽ തന്നെ അത് തനിക്ക് അർഹതപ്പെട്ടതല്ല; എന്ന് മനസ്സിലാക്കി പൊതുഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്. അത് സ്വന്തമായി ഉപയോഗിക്കൽ അനുവദനീയമല്ല എന്നാണ് പ്രസ്തുത ഹദീസ് പഠിപ്പിക്കുന്നത്. കാരണം അത് നാശഹേതുവും വിശ്വസ്തതയിൽ സംശയം ജനിപ്പിക്കുന്നതുമാണ്. അല്ലാഹു നമ്മെ കാക്കട്ടെ (ആമീൻ).

وصلى الله وسلم على نبيه محمد وآله وصحبه أجمعين

والحمد لله رب العالمين.

## അവസാനമായി രണ്ടു വാക്ക്

ബഹുമാന്യ സഹോദരങ്ങളോട്, നിങ്ങൾ ഈ പുസ്തകം വായിക്കുകയും പഠിക്കുകയും ചെയ്തു കഴിഞ്ഞാൽ മററുള്ളവർക്ക് കൈമാറുക; അവരും പ്രയോജനപ്പെടുത്തട്ടെ . "നിശ്ചയം ഒരു നന്മക്ക് പ്രേരണ നൽകുന്നവന് പ്രവർത്തിച്ചതിന് തുല്യമായ പ്രതിഫലമുണ്ടായിരിക്കുന്നതാണ്." താങ്കൾ ഞങ്ങൾ പുറത്തിറക്കിയ മററു പ്രസിദ്ധീകരണങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ സുലൈ Exit 16 ലുള്ള ഇസ്ലാമിക് ഗൈഡൻസ് സെൻററിൽ നേരിൽ വരികയോ താഴെ കൊടുക്കുന്ന അഡ്രസിൽ ബന്ധപ്പെടുകയോ ചെയ്യുക. ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതാണ്.

(ഇൻശാ അല്ലാഹ്)

ഇസ്ലാമിക് ഗൈഡൻസ് സെൻറർ
പി. ബി. നമ്പർ: 1419 റിയാദ് : 11431 സൗദി അറേബ്യ.

ഗൈഡൻസ് സെൻററിലെ
നിങ്ങളുടെ സഹോദരങ്ങൾ

# أحكام وفتاوى
# تتعلق بالمرضى
# في الطهارة والصلاة

إعداد :
قسم الترجمة بالمكتب

# المكتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

## الأرقام تتحدث

**لمحة موجزة عن ابرز إنجازات المكتب منذ افتتاحه في ١٤١٧/٥/١هـ إلى غاية ١٤٢٧/١٢/٣٠هـ**

- الدروس التي ألقيت داخل وخارج المكتب أكثر من : ١٨,٣١٦ درسا
- الحاضرين لهذه الدروس : ١,٥٢٢,٤٤٥ شخصاً
- وجبات العشاء : ٧٧٤,٢٠٩ وجبة
- الكتب التي وزعت : ١,٤٣٣,٣٧٤ كتاباً
- المطويات : ٣,٩٧٥,٥٠٥ مطوية
- بوسترات (سلسلة توجيهات إسلامية) : ٧٤,٥٢٧ بوسترا
- كتب الحج بثمان لغات : ٦٧٨,٢٧٢ كتاباً
- مطويات الحج بمختلف اللغات : ٢,٤٣٩.٦٧٠ مطوية
- المسلمين الجدد ما بين رجل وامرأة : ٢,٠٦١ شخصا
- عدد من أفطر بالمكتب في رمضان : ١٨٦.٠٧٥ شخص
- الدروس الرمضانية التي ألقيت في مخيمات ومساجد السلي : ٦.٥٣٠ درساً
- الحاضرين للدروس الرمضانية : ١.٤٨٦.٧٨٤ شخصاً
- المشاركين في رحلات الحج : ٧٣١ شخصاً
- المشاركين في رحلات عمرة المسلمين الجدد : ١.٤٢٨ شخصاً
- الرحلات التعليمية : ١١٦ رحلة
- المشاركين في الرحلات الترفيهية التعليمية للجاليات : ١٢.٧٣٠ شخصاً
- الحاضرين للملتقى الرمضاني ( الأول — السادس ) : ٦٥٦,٠٠٠ زائراً وزائرة

**يستقبل المكتب التبرعات والصدقات والزكوات على حساب مصرف الراجحي**
**رقم الحساب العام ٧٠٥٠/٩ - فرع الربوة ( ٢٩٦ )**
**أو عبر الصراف الآلي على الحساب رقم ( ٢٩٦٦٠٨٠١٠٠٧٠٥٠٩ )**
**مع توضيح نوع التبرع وإرسال قسيمة الإيداع على الفاكس رقم : ٢٤١٠٦١٥ تحويلة ٢٢٢**

# أحكام وفتاوى

## تتعلق بالمرضى في الطهارة والصلاة

إعداد

م الجاليات بالمكتب

مليباري ٠٧٠١٠٦٥


كتب التعاوني للدعوة والإرشاد وتوعية الجاليات بالسلي

ب/١٤١٩ الرياض/١١٤٣١ هاتف/٢٤١٠٦١٥ فاسوخ/٢٤١٤٤٨٨-٢٣٢

البريد الالكتروني/ sulay@w.cn